# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ആറളം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001

ഇ-മെയിൽ: doknr.ksad@kerala.gov.in

ഫോൺ : 0497-2707698

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ./സി.10/1496/22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001
തീയ്യതി: 13/01/2023
ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497-2707698

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ആറളം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ആറളം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ആറളം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ./സി.10/1496/22 തീയ്യതി: 13/01/2023

## കണ്ണൂർ ജില്ലയിലെ ആറളം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ ആറളം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 05-01-2022 മുതൽ 09-10-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2021 മുതൽ 31-03-2022 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 39 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 30 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.രാജിലൻ..എം.സി | ഡെപ്യൂട്ടി ഡയറക്ടർ | 10-10-2022 | 19-10-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 10-10-2022 | 19-10-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.പ്രദീപ് കുമാർ.എം, ഓഡിറ്റ് ഓഫീസർ
ശ്രീ.ഷിജു.എ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി.വനജ മാടത്താൻകണ്ടി, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി.നിഖില.എ.എം,ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.കെ.പി.രാജേഷ് | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീ.അഷറഫ്. പി.വി ,അസിസ്റ്റന്റ് സെക്രട്ടറി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-04-2021 | 14-04-2021 |
| ശ്രീ.റോബർട്ട് ജോസഫ് | സെക്രട്ടറി | 15-04-2021 | 30-06-2021 |
| ശ്രീ.രാമചന്ദ്രൻ. വി | സെക്രട്ടറി | 01-07-2021 | 02-07-2021 |
| ശ്രീ.അഷറഫ്. പി.വി ,അസിസ്റ്റന്റ് സെക്രട്ടറി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 03-07-2021 | 15-07-2021 |
| ശ്രീ.സന്തോഷ്.കെ.ജി ,അസിസ്റ്റന്റ് സെക്രട്ടറി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 16-07-2021 | 25-07-2021 |
| ശ്രീ.രാമചന്ദ്രൻ. വി | സെക്രട്ടറി | 26-07-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.അഷറഫ്. പി.വി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2021 | 15-07-2021 |
| ശ്രീ.സന്തോഷ്.കെ.ജി | അസിസ്റ്റന്റ് സെക്രട്ടറി | 16-07-2021 | 31-03-2022 |
| ശ്രീ.ബിപിൻ ഡേവി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2021 | 13-08-2021 |
| ശ്രീമതി.ജീജ. പി.സി | അസിസ്റ്റന്റ് എഞ്ചിനീയർ | 14-08-2021 | 30-11-2021 |
| ശ്രീ.മുഹമ്മദ് ഷർമാസ് ഉമർ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-12-2021 | 14-02-2022 |
| ശ്രീ.ഇബിനു മഷൂദ്. എ | അസിസ്റ്റന്റ് എഞ്ചിനീയർ | 15-02-2022 | 31-03-2022 |
| ശ്രീമതി.കോകില. കെ.ആർ | കൃഷി ഓഫീസർ | 01-04-2021 | 30-09-2021 |
| ശ്രീമതി.ജിംസി മരിയ | കൃഷി ഓഫീസർ | 01-10-2021 | 31-03-2022 |
| ശ്രീമതി.കവിത.ജി.നായർ | വി.ഇ.ഒ (എട്ടൂർ) | 01-04-2021 | 31-03-2022 |
| ശ്രീ.ഷിന്റോ ജോസഫ് | വി.ഇ.ഒ (കീഴ്പ്പള്ളി) | 01-04-2021 | 31-03-2022 |
| ഡോ. ജയകൃഷ്ണൻ. എം | മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി) | 01-04-2021 | 31-03-2022 |
| ഡോ. സുനിൽ രാജ്.ആർ | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2021 | 23-04-2021 |
| ഡോ. രഞ്ജിത്ത്.കെ.ജി | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 24-04-2021 | 31-03-2022 |
| ഡോ. വീണ അഗസ്റ്റിൻ | മെഡിക്കൽ ഓഫീസർ | 01-04-2021 | 31-03-2022 |

| | | | |
|---|---|---|---|
| | (ആയുർവേദം) | | |
| ഡോ. നവാസ് ഷെരീഫ് | വെറ്റിനറി സർജൻ | 01-04-2021 | 31-03-2022 |
| ശ്രീമതി.ശ്രീലത. പി.പി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2021 | 30-11-2021 |
| ശ്രീമതി.അനിത. പി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-12-2021 | 31-03-2022 |
| ശ്രീ.ഷിന്റോ അലക്സ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2021 | 30-11-2021 |
| ശ്രീമതി.പ്രവീണ.എ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-12-2021 | 31-03-2022 |
| ശ്രീമതി.പ്രീത. പി.വി | ഫിഷറീസ് സബ് ഇൻസ്പക്ടർ | 01-04-2021 | 07-10-2021 |
| ശ്രീ.ഷാജി. സി | ഫിഷറീസ് സബ് ഇൻസ്പക്ടർ | 08-10-2021 | 31-03-2022 |
| ശ്രീ.ബെന്നി എൻ.ജെ | ഹെഡ് മാസ്റ്റർ | 01-04-2021 | 31-10-2021 |
| ശ്രീ.നൗഷാദ് പി.കെ | ഹെഡ് മാസ്റ്റർ | 01-11-2021 | 30-11-2021 |
| ശ്രീ.ആഷിക് ബി.ടി. | ഹെഡ് മാസ്റ്റർ | 01-12-2021 | 31-03-2022 |
| ഡോ.പ്രിയ സദാനന്ദൻ | മെഡിക്കൽ ഓഫീസർ (സി.എച്ച്.സി.) | 01-04-2021 | 31-03-2022 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിലെ അപാകതകൾ | 1-2-1 |
| 4 | സാമ്പത്തിക വിശകലനം | 1-3 |
| 5 | ഫണ്ട് വിനിയോഗം | 1-4 |
| 6 | പദ്ധതി അവലോകനം | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 8 | ക്ഷേമ പദ്ധതികൾ | 1-7 |
| 9 | ക്യാഷ് പരിശോധന | 1-8 |
| 10 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 11 | ഗ്രാമസഭ | 1-10 |
| 12 | മൊബൈൽ ടവർ -കെട്ടിട നികുതി കുടിശ്ശിക ഈടാക്കിയില്ല | 1-11 |
| 13 | മൊബൈൽ ടവർ പെർമിറ്റ് നൽകിയത് - തുടർനടപടി സ്വീകരിക്കാത്തത് | 1-12 |
| 14 | വ്യാപാര സ്ഥാപനങ്ങൾ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു | 1-13 |
| 15 | റദ്ദാക്കിയ രസീത് പ്രകാരം വരവ് രേഖപ്പെടുത്തി | 1-14 |
| 16 | ജമമാറ്റത്തിനുള്ള അപേക്ഷകളിന്മേൽ ചട്ട പ്രകാരമുള്ള പിഴ ഈടാക്കുന്നില്ല. | 1-15 |
| 17 | ലൈവ്സ്റ്റോക്ക് ഫാമുകൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു | 1-16 |
| 18 | വളർത്തു പട്ടികൾക്ക് ലൈസൻസ് ഫീസ് ചുമത്തിയിട്ടില്ല | 1-17 |
| 19 | സർക്കാർ ഉത്തരവ് പാലിക്കാതെ ആർജിതാവധി സറണ്ടർ അനുവദിച്ചു | 1-18 |
| 20 | അങ്കണവാടികൾക്ക് ശിശു സൗഹൃദ പെയിന്റിംഗ്-രേഖകളുടെ അഭാവത്തിൽ ₹300000 ചെലവ് തടസ്സപ്പെടുത്തുന്നു. | 1-19 |
| 21 | വനിതാ ഗ്രൂപ്പ് സ്വയംതൊഴിൽ സംരംഭങ്ങൾക്ക് സബ്സിഡി - നാളിതുവരെയായി സംരംഭങ്ങൾ തുടങ്ങിയിട്ടില്ല. | 1-20 |
| 22 | മൃഗാശുപത്രിക്ക് കമ്പ്യൂട്ടർ വാങ്ങൽ (സ്പിൽ ഓവർ) - അധികം ഒടുക്കിയ ₹2406 തിരികെ ഈടാക്കേണ്ടതാണ്. | 1-21 |
| 23 | കന്നുകുട്ടി പരിപാലനം - പദ്ധതി പൂർത്തിയാകുന്ന മുറയ്ക്ക് മുഴുവൻ തുകയുടെയും വിനിയോഗ വിവരം ലഭ്യമാക്കേണ്ടതും കാലിത്തീറ്റ വാങ്ങാത്തവർ പദ്ധതിയിൽ നിന്നും ഒഴിവായി എന്ന് ഉറപ്പുവരുത്തേണ്ടതുമാണ്. | 1-22 |
| 24 | വൃക്ക രോഗികൾക്ക് ഡയാലിസിസ് തുടർ ചികിത്സ -മരുന്ന് ലഭിച്ചതിന്റെ രേഖകൾ ലഭ്യമാക്കിയില്ല - ₹200000 തടസ്സപ്പെടുത്തുന്നു. | 1-23 |
| 25 | ബെയിലിംഗ് മെഷീൻ പ്രവർത്തനക്ഷമമാക്കിയിട്ടില്ല- ₹4,63,500 | 1-24 |

| | | |
|---|---|---|
| | തടസ്സപ്പെടുത്തുന്നു. | |
| 26 | മാലിന്യ സംസ്കരണ ആവശ്യത്തിലേക്ക് വാഹനം വാങ്ങൽ - മുൻകൂറായി തുക നല്കിയിട്ടും വാഹനം ലഭ്യമായിട്ടില്ല - ₹469800 തടസ്സപ്പെടുത്തുന്നു. | 1-25 |
| 27 | ആസ്തി പരിപാലനം | 1-26 |
| 28 | ആറളം ഫാം എഫ് എച്ച് സി ക്ക് കമ്പ്യൂട്ടർ, സ്കാനർ, അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ - മൾട്ടി ഫങ്ഷൻ പ്രിന്ററുകൾ ലഭിച്ചില്ല - ₹ 40036 തിരികെ ഈടാക്കേണ്ടതാണ്. | 1-27 |
| 29 | മരണശേഷവും പെൻഷൻ തുക അനുവദിച്ചു | 1-28 |
| 30 | ആറളം ഫാം എഫ് എച്ച് സി - യിലേക്ക് മരുന്ന് വാങ്ങൽ - മുഴുവൻ മരുന്നും ലഭിച്ചതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. | 1-29 |
| 31 | സമഗ്ര വൃദ്ധജന ആരോഗ്യ പരിപാലനം - ₹ 200000 യുടെ മരുന്ന് ലഭിച്ചിട്ടില്ല. | 1-30 |
| 32 | സാന്ത്വന പരിചരണം - ₹ 170000 യുടെ മരുന്ന് നാളിതുവരെയായി ലഭ്യമായിട്ടില്ല. | 1-31 |
| 33 | ഗവ. ഹൈസ്കൂൾ, ആറളം ഫാമിന് എസ് പി സി വിഹിതം നൽകൽ - സർക്കാർ ഉത്തരവിന് വിരുദ്ധമായി വികസന ഫണ്ടിൽ നിന്നും തുക ചെലവഴിച്ചു. | 1-32 |
| 34 | ചെറുധാന്യകൃഷിക്ക് കൂലിച്ചെലവ് സബ്സിഡി - ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്ത വ്യക്തികൾക്ക് സബ്സിഡി അനുവദിച്ചു - ₹ 21600 തടസ്സപ്പെടുത്തുന്നു. | 1-33 |
| 35 | തരിശു സ്ഥലത്ത് കരനെൽ കൃഷി - ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്ത വ്യക്തികൾക്ക് സബ്സിഡി അനുവദിച്ചു - ചെലവുതുക ₹ 350000 തടസ്സപ്പെടുത്തുന്നു. | 1-34 |
| 36 | ക്ഷീര കർഷകർക്ക് ഉല്പാദന ബോണസ് - ഗുണഭോക്താക്കൾക്ക് അർഹമായ ആനുകൂല്യം ലഭ്യമായിട്ടില്ല. | 1-35 |
| 37 | കുഴൽ കിണർ കുഴിക്കാൻ ഭൂജല വകുപ്പിൽ തുക ഡെപ്പോസിറ്റ് ചെയ്യൽ - പ്രവൃത്തി പൂർത്തിയായിട്ടില്ല. | 1-36 |
| 38 | ഇടവേലി ഗവ.എൽ പി സ്കൂളിന് വിസ്മയച്ചുമർ - പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട രേഖകൾ ലഭ്യമാക്കിയിട്ടില്ല - ₹ 74900 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-37 |
| 39 | ഇടവേലി ഗവ. എൽ പി സ്കൂളിന് ഫോട്ടോസ്റ്റാറ്റ് മെഷീൻ വാങ്ങൽ -രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല - ₹74900 തടസ്സപ്പെടുത്തുന്നു. | 1-38 |
| 40 | പെരുമ്പഴശ്ശി കളപ്പുര നിർമ്മാണം- വസ്തുതകൾ എം ബുക്കിൽ രേഖപ്പെടുത്തേണ്ടതാണ് | 1-39 |
| 41 | ഐ.കെ.എമ്മിന് വിഹിതം നല്കൽ - വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല | 1-40 |

| | | |
|---|---|---|
| 42 | ഹോമിയോ മരുന്നുകൾ പൂർണ്ണമായി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. | 1-41 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| | --- No Records Found --- | |
| | ഭാഗം **4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | |
| 4 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 5 | ബാലൻസ് ഷീറ്റ് | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

ആറളം ഗ്രാമപഞ്ചായത്തിന്റെ 2021-22 സാമ്പത്തിക വർഷത്തെ ബജറ്റ് 15-02-2021 തീയതിയിലെ 1/1/21 തീരുമാനപ്രകാരവും പുതുക്കിയ ബജറ്റ് 30-03-2022 ലെ 1/1//22നമ്പർ തീരുമാനപ്രകാരവും അംഗീകരിച്ചിട്ടുണ്ട്. വിശദ വിവരം താഴെ കൊടുക്കുന്നു.

| | ബജറ്റ് പ്രകാരം | പുതുക്കിയ ബജറ്റ് പ്രകാരം |
|---|---|---|
| മുന്നിരിപ്പ് | 32310696 | 58501350 |
| വരവ് | 214959400 | 360768024 |
| ആകെ | 247270096 | 419269374 |
| ചെലവ് | 241135800 | 371837438 |
| നീക്കിയിരിപ്പ് | 6134296 | 47431936 |

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-07-2022 | 09-05-2022 | തിരിച്ചയച്ചിട്ടില്ല | -- |

## 1-2-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിലെ അപാകതകൾ

1)ബാലൻസ് ഷീറ്റ് B 9 ഷെഡ്യൂൾ പ്രകാരം മറ്റു ബാധ്യതകൾ എന്ന ഇനത്തിൽ ഭരണസമിതി അംഗങ്ങളുടെ ഹോണറേറിയം, സിറ്റിംഗ് ഫീസ്, മറ്റു കരാർ ജീവനക്കാരുടെ ശമ്പളം മറ്റാനുകൂല്യങ്ങൾ എന്നിവ ഉൾപ്പെടുത്തിയതായി കാണുന്നില്ല

2)ബാലൻസ് ഷീറ്റ് ലയബിലിറ്റീസ് ഷെഡ്യൂൾ ബി 7 -സ്ഥാനാർത്ഥികളുടെ ഡെപ്പോസിറ്റ് എന്ന ഇനത്തിൽ രൂപ66000ഇപ്പോഴും ബാധ്യതയായി കാണുന്നു

3)ബാലൻസ് ഷീറ്റ് ബി4 ഷെഡ്യൂളിൽ Cfc Tied And Untied ഫണ്ട് ₹8354207ആണ്. B 17 ൽ ഇത് ₹8358701 ആണ്. ₹4494ന്റെ വ്യത്യാസം കാണുന്നു.

4) ബാലൻസ് ഷീറ്റ് ബി-5 ഷെഡ്യൂളിലെ തിരിച്ചടക്കാൻ ബാക്കിയുള്ള വായ്പാ തുക, വായ്പാ രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല.

5) സാക്ഷരത ഫണ്ട് – ബി-4 ഷെഡ്യൂൾ ആർ.പി.40(6) എന്നിവയിലെ നീക്കിയിരിപ്പ് തമ്മിൽ 3000 രൂപയുടെ വ്യത്യാസം കാണുന്നു. ആയത് വിശദീകരിക്കേണ്ടതാണ്.

6) എം.ജി.എൻ.ആർ.ജി.എസ്. – ഓഡിറ്റിന് ലഭ്യമാക്കിയ കണക്കുകൾ I-6-ലെ തുകയുമായി പൊരുത്തപ്പെടുന്നില്ല

അപാകതകൾ ഭാവിയിൽ പരിഹരിക്കേണ്ടതാണ്

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 28980524 |
| വരവ് | 154207638 |
| ആകെ | 183188162 |
| ചെലവ് | 149784114 |
| നീക്കിയിരിപ്പ് | 33404048 |
| വരവിനങ്ങളിലെ നഷ്ടം | 0 |
| ചെലവിനങ്ങളിലെ നഷ്ടം | 0 |
| തടസ്സപ്പെടുത്തിയ തുക | 1954700 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 31341599 | 31341599 | 30275327 | 1066272 |
| വികസന ഫണ്ട്-എസ്.സി.പി | 0 | 846000 | 846000 | 846000 | 0 |
| വികസന ഫണ്ട്-ടി.എസ്.പി | 0 | 17498000 | 17498000 | 17038155 | 459845 |
| മെയിന്റനൻസ്, റോഡ് | 0 | 13334000 | 13334000 | 12240449 | 1093551 |
| മെയിന്റനൻസ്, നോൺ-റോഡ് | 0 | 10617253 | 10617253 | 10512253 | 105000 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് - Tied | 0 | 17151862 | 17151862 | 7589753 | 9562109 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് -Un Tied | 0 | 10074783 | 10074783 | 6658028 | 3416755 |
| കെ.എൽ.എസ്.ജി.ഡി.പി | - | - | - | - | - |
| സാക്ഷരത | 552845 | 3000 | 555845 | 164724 | 391239 |
| എം.ജി.എൻ.ആർ.ഇ.ജി.എസ് | 3109 | 84275176 | 84278285 | 84276270.5 | 2014.5 |
| എം. പി . എൽ . എ . ഡി . | 52375 | 1510 | 53885 | --- | 53885 |
| ശുചിത്വ മിഷൻ | 2622747 | 228000 | 2850747 | 1340200 | 1510547 |
| ജലനിധി | 2550894 | 41305 | 2592199 | 1129209 | 1462990 |
| ഐ.സി.ഡി.എസ്. | 3737630 | 1468307 | 5205937 | 800000 | 4405937 |
| ടോട്ടൽ സാനിറ്റേഷൻ | 165600 | - | 165600 | - | 165600 |
| പട്ടികജാതി വികസനം | 1100000 | - | 1100000 | 973271 | 126729 |
| സംസ്ഥാനആവിഷ്കൃത ഫണ്ടുകൾ | 144500 | 0 | 144500 | 93166 | 51334 |
| സ്പെസിഫിക് പർപ്പസ് ഫണ്ട് | 8710584 | 21272 | 8731856 | 6621272 | 2110584 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 294 | 186421380 | 254 | 103895534 | 7 | 40 | 86.39 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല

നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കിയ പദ്ധതികളുടെ വിവരങ്ങൾ

| നിർവ്വഹണ ഉദ്യോഗസ്ഥൻ | ആകെ പദ്ധതികളുടെ എണ്ണം | നടപ്പാക്കിയ പദ്ധതികളുടെ എണ്ണം | പദ്ധതി അടങ്കൽ | പദ്ധതി ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 18 | 17 | 7319020 | 5765501 | 78.77 |
| വെറ്റിനറി സർജ്ജൻ | 10 | 10 | 8523800 | 3544841 | 41.59 |
| മെഡിക്കൽ ഓഫീസർ, എഫ്.എച്ച്. സി | 13 | 13 | 3954864 | 3000296 | 75.86 |
| മെഡിക്കൽ ഓഫീസർ,ഹോമിയോ | 6 | 6 | 955626 | 867295 | 90.76 |
| മെഡിക്കൽ ഓഫീസർ,ആയുർവേദം | 2 | 2 | 838627 | 815823 | 97.28 |
| ഫിഷറീസ് സബ് ഇൻസ്പക്ടർ | 2 | 2 | 3575200 | 398058 | 11.13 |

| | | | | | |
|---|---|---|---|---|---|
| വി.ഇ.ഒ, കീഴ്പള്ളി സർക്കിൾ | 13 | 10 | 56720090 | 15482941 | 27.30 |
| വി.ഇ.ഒ, എട്ടൂർ സർക്കിൾ | 18 | 15 | 6086860 | 3896096 | 64 |
| ഐസിഡിഎസ് സൂപ്പർവൈസർ | 14 | 14 | 10389250 | 10341567 | 99.54 |
| സെക്രട്ടറി | 52 | 41 | 18729352 | 13989556 | 74.69 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 121 | 99 | 48817007 | 28777485 | 58.95 |
| ഹെഡ് മാസ്റ്റർ | 11 | 11 | 13546267 | 10476113 | 77.34 |
| അസിസ്റ്റന്റ് സെക്രട്ടറി | 13 | 13 | 5241840 | 4959636 | 94.62 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 1 | 1723583 | 1580326 | 91.69 |
| ആകെ | 294 | 254 | 186421380 | 103895534 | 55.73 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 3109 | 3063382 | 3066491 | 3064477 | 2014 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 81211794 | 81211794 | 81211794 | 0 |
| | 3109 | 84275176 | 84278285 | 84276271 | 2014 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 5156800 | 314 |
| വിധവാപെൻഷൻ | 18185200 | 1186 |
| വാർദ്ധക്യകാലപെൻഷൻ | 40286600 | 2856 |
| വികലാംഗപെൻഷൻ | 6352900 | 416 |
| അവിവാഹിത പെൻഷൻ | 742000 | 50 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 13-10-2022 തീയതിയിൽ 12.40 PM ന് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 9258 രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്തിലെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവേ തൃപ്തികരമാണ്. വിവിധ സെക്ഷനുകളുടെ ചുമതലകളും ഉത്തരവാദിത്തങ്ങളും നിർണയിച്ചുകൊണ്ടുള്ള വിശദമായ ജോലി വിഭജനരേഖ തയ്യാറാക്കിയിട്ടുണ്ട്.

ഓഫീസ് ഉത്തരവുകളിലൂടെ ആവശ്യമായ മാറ്റങ്ങൾ വരുത്തുകയും നിർദ്ദേശങ്ങൾ നല്കുകയും ചെയ്യുന്നുണ്ട്. സ്റ്റാഫ് മീറ്റിങ്ങുകൾ ചേർന്ന് ഓഫീസിന്റെ പ്രവർത്തനം വിലയിരുത്തുകയും അപാകങ്ങൾ പരിഹരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നല്കുകയും ചെയ്തിട്ടുണ്ട്. ഓഫീസ് മീറ്റിങ്ങുകളിൽ നികുതികൾ പിരിച്ചെടുക്കുന്നതിലെ പുരോഗതിയും, ഫ്രണ്ട് ഓഫീസിന്റെ പ്രവർത്തനവും, കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെ പുരോഗതിയും വിലയിരുത്തുകയും പൊതുജനങ്ങൾക്ക് കാലതാമസമില്ലാതെ സേവനങ്ങൾ ലഭ്യമാകുന്നുണ്ടെന്ന് ഉറപ്പുവരുത്താനുള്ള നടപടികൾ സ്വീകരിക്കാൻ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നല്കുകയും ചെയ്തിട്ടുണ്ട്.

## 1-10 ഗ്രാമസഭ

കോവിഡ് രോഗ വ്യാപനമുള്ളതിനാൽ ഗ്രാമ പഞ്ചായത്തിലെ 17 വാർഡുകളിലും 2021-22 വർഷം 2021 ഡിസംബർ,2022 ജനവരി മാസങ്ങളിലായി രണ്ട് തവണ മാത്രമാണ് ഗ്രാമസഭ യോഗം ചേർന്നത്. 2022-23 പദ്ധതി രൂപീകരണം, 2021-22 വാർഷിക പദ്ധതി അവലോകനം, 2021-22 വാർഷിക പദ്ധതി ഗുണഭോക്താക്കളുടെ മുൻഗണന പട്ടിക അംഗീകരിക്കൽ, അതിദരിദ്രരുടെ പട്ടിക അംഗീകരിക്കൽ എന്നിവയാണ് ഗ്രാമസഭകളിലെ പ്രധാന അജണ്ട.

## 1-11 മൊബൈൽ ടവർ -കെട്ടിട നികുതി കുടിശ്ശിക ഈടാക്കിയില്ല

വസ്തു നികുതി നിർണ്ണയ രജിസ്റ്റർ പ്രകാരം പഞ്ചായത്ത് പരിധിയിൽ 11 മൊബൈൽ ടവറുകൾ പ്രവർത്തിച്ച് വരുന്നുണ്ട്. ടവറുകളുടെ വസ്തു നികുതി ഈടാക്കുന്നതിലെ കാര്യക്ഷമത പരിശോധിക്കുന്നതിന്റെ ഭാഗമായി സഞ്ചയ സോഫ്റ്റ്‌വെയർ പരിശോധിച്ചതിൽ ചുവടെ ചേർത്ത മൊബൈൽ ടവറിന്റെ വസ്തു നികുതി ഇനത്തിൽ കുടിശ്ശിക ഉള്ളതായി കാണാൻ സാധിച്ചു.

| വാർഡ് നം./ കെട്ടിട നം. | മൊബൈൽ ടവറിന്റെ വിവരം | കുടിശ്ശിക കാലയളവ് | വസ്തുനികുതി (രൂപ) | കുടിശ്ശിക തുക |
|---|---|---|---|---|
| 7/8 TCT | ഐഡിയ മൊബൈൽ കമ്മ്യൂണിക്കേഷൻ ലിമിറ്റഡ് | 2021-22 ഒന്നാം അർദ്ധ വർഷം മുതൽ കുടിശ്ശിക | 5828 | 23310 |
| ആകെ | | | | 23310 |

മൊബൈൽ ടവറിൽ നിന്നും നികുതി ഈടാക്കുന്നതിന് സ്വീകരിച്ച നടപടികൾ, നിലവിലെ സ്ഥിതി എന്നിവ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുന്നതിന് 1/12.10.2022 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് നിലവിൽ പ്രസ്തുത ടവർ പൊളിച്ച് മാറ്റിയിരിക്കുകയാണെന്നും നികുതി കുടിശ്ശിക അടവ് വരുത്തുന്നതിനായി റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നുമുള്ള മറുപടി ലഭ്യമാക്കിയിട്ടുണ്ട്. തുടർ വിവരങ്ങൾ അറിയിക്കേണ്ടതാണ്.

## 1-12 മൊബൈൽ ടവർ പെർമിറ്റ് നൽകിയത് - തുടർനടപടി സ്വീകരിക്കാത്തത്

കേരള പഞ്ചായത്ത് ബിൽഡിംഗ് റൂൾസ് 2019, റൂൾ 87(9) പ്രകാരം മൊബൈൽ ടവറുകളുടെ പെർമിറ്റ് കാലാവധി ഒരു വർഷമാണ്. പെർമിറ്റ് കാലാവധി നീട്ടിക്കിട്ടുന്നതിന് അതിന്റെ സാധുതാ കാലാവധിയിൽ തന്നെ അപേക്ഷിക്കുന്ന പക്ഷം അസൽ പെർമിറ്റ് ഫീസിന്റെ 50% ഈടാക്കി പെർമിറ്റ് ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിച്ച് നൽകാവുന്നതാണ്. താഴെപ്പറയുന്ന പെർമിറ്റ് നമ്പർ പ്രകാരം റിലയൻസ് ഇൻഫോകോം ടവേഴ്സ് ലിമിറ്റഡിന് മൊബൈൽ ടവർ നിർമാണത്തിന് പെർമിറ്റ് നൽകിയിട്ടുണ്ട്. എന്നാൽ പെർമിറ്റ് കാലാവധി അവസാനിച്ചിട്ടും പെർമിറ്റ് പുതുക്കുകയോ ടവറിന്റെ കംപ്ലീഷൻ സർട്ടിഫിക്കറ്റ് നൽകുകയോ ചെയ്തിട്ടില്ല.

| ക്രമ നം | അപേക്ഷ നമ്പർ | മൊബൈൽ ടവറിന്റെ/ ഉടമയുടെ വിവരം | പെർമിറ്റ് നമ്പർ/തീയതി |
|---|---|---|---|
| 1 | 383/25.01.19 | റിലൈൻസ് ജിയോ | A2-BA(34074)/19 തീയതി 14.02.2019 |
| 2 | 382/25.01.19 | റിലൈൻസ് ജിയോ | A2-BA(34014)/19 തീയതി 14.02.2019 |
| 3 | 7584/05.12.15 | റിലൈൻസ് ജിയോ | A2-BA(34025)/19തീയതി |

| | | | |
|---|---|---|---|
| | | | 14.02.2019 |

ടവറിന് ഒക്യുപൻസി ഉറപ്പ് വരുത്തി പെർമിറ്റ് പുതുക്കുന്നതിനുള്ള ഫീ അടക്കം ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 4 തീയതി 12.10.2022) മറുപടിയായി പെർമിറ്റിന്റെ കാലാവധി കഴിഞ്ഞതിനാൽ കെട്ടിടം ക്രമവല്ക്കരിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് രേഖാമൂലം അറിയിപ്പ് നല്കിയിട്ടുണ്ടെന്നാണ് അറിയിച്ചത്. ആയതിനാൽ ഫീൽഡ് പരിശോധന നടത്തി ഒക്യുപൻസി ഉറപ്പ് വരുത്തി പെർമിറ്റ് പുതുക്കുന്നതിനുള്ള ഫീ അടക്കം ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. തുടർ നടപടികളുടെ വിശദാംശങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-13 വ്യാപാര സ്ഥാപനങ്ങൾ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു

ഗ്രാമ പഞ്ചായത്തിന്റെ സഞ്ചയ സോഫ്റ്റ് വെയറിലെ കെട്ടിടങ്ങളുടെ വിവരങ്ങൾ പരിശോധിച്ചതിൻ പ്രകാരം വാണിജ്യ/വ്യവസായ ആവശ്യങ്ങൾക്കായി ആകെ 1866 കെട്ടിങ്ങൾക്ക് നമ്പർ അനുവദിച്ചിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | കെട്ടിടങ്ങളുടെ തരം | എണ്ണം |
|---|---|---|
| 1 | 100 $M^2$ വരെയുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ | 1408 |
| 2 | 100 $M^2$ മുകളിലുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ,ഷോപ്പുകൾ | 247 |
| 3 | 200 $M^2$വരെയുള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ | 3 |
| 4 | 200 $M^2$ മുകളിലുള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ | 51 |
| 5 | വാണിജ്യാവശ്യത്തിനുള്ള ബങ്കുകൾ, പെട്ടിക്കടകൾ, ഫ്യുവൽ സ്റ്റേഷൻ, അസംബ്ലി കെട്ടിടം തുടങ്ങിയവ | 63 |
| 6 | വ്യവസായ ആവശ്യത്തിനുള്ള കൈത്തറി ഷെഡ്, കയർപിരി ഷെഡ് | 47 |
| 7 | ഇതര വ്യവസായങ്ങൾക്കുള്ളവ | 47 |
| | ആകെ | 1866 |

ഓഡിറ്റിനു ലഭ്യമാക്കിയ 2021-22 വർഷത്തെ എഫ് ടി ഇ & ഒ ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ വാണിജ്യ /വ്യവസായ ആവശ്യങ്ങൾക്കായി ഉപയോഗപ്പെടുത്തിയ 411 കെട്ടിടങ്ങളുടെ വിവരങ്ങളാണ് രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടുള്ളത്. ബാക്കിയുള്ള 1455 കെട്ടിടങ്ങളിൽ ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ലെന്ന് ഉറപ്പുവരുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കേണ്ടതാണ് എന്ന് കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം.03/12.10.2022) ലഭ്യമാക്കിയ മറുപടിയിൽ മിക്ക കെട്ടിട മുറികളിലും സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ല എന്നാണ് അറിയിച്ചിട്ടുള്ളത്. വ്യാപാര - വാണിജ്യ പ്രവർത്തനങ്ങൾ നടത്തുന്നതിന് കെട്ടിട നമ്പർ അനുവദിച്ചതിന്റെ 22% കെട്ടിടങ്ങളിൽ മാത്രമാണ് ലൈസൻസ് അനുവദിച്ച് വ്യാപാര - വാണിജ്യ പ്രവർത്തനങ്ങൾ നടത്തുന്നത്. ബാക്കിയുള്ള 78% കെട്ടിടങ്ങളിൽ ലൈസൻസ് ഇല്ലാതെ വ്യാപാര-വാണിജ്യ പ്രവർത്തനങ്ങൾ നടത്താൻ സാധ്യതയുണ്ട്. ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത് പഞ്ചായത്തിന് വരുമാന നഷ്ടത്തിനു മാത്രമല്ല പൊതുജനങ്ങളുടെ ആരോഗ്യത്തിനും സുരക്ഷിതത്വത്തിനും ഹാനികരമാകാനും സാധ്യതയേറെയാണ്. വാണിജ്യാവശ്യത്തിന് നമ്പർ നൽകിയ മുഴുവൻ കെട്ടിടങ്ങളുടെയും നിജസ്ഥിതി പരിശോധിച്ച് ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ലായെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

## 1-14 റദ്ദാക്കിയ രസീത് പ്രകാരം വരവ് രേഖപ്പെടുത്തി

സാംഖ്യ സോഫ്റ്റ് വെയറിലെ ക്യാൻസൽ ചെയ്ത രസീതിയുടെ ലിസ്റ്റ് പരിശോധിച്ചതിൽ റദ്ദാക്കിയ രസീത് പ്രകാരം തുക സഞ്ചയ സോഫ്റ്റ്‌വെയറിൽ വരവ് വെച്ചിട്ടുണ്ട്. ഉദാഹരണം ചുവടെ ചേർക്കുന്നു.

| ക്രമ നം | റദ്ദാക്കിയ രസീത് നം/തീയതി | കെട്ടിട നമ്പർ | കെട്ടിട ഉടമസ്ഥൻ | സഞ്ചയയിൽ വരവ് രേഖപ്പെടുത്തിയ നികുതി |
|---|---|---|---|---|
| 1 | 121030101431<br>08/09/2021 | 13/28 | പുത്തൻ പുരയിൽ ഐസക്ക് | 81 |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ(2/12-10-2022) സാങ്കേതിക തകരാർ മൂലമാണ് ക്യാൻസൽ ചെയ്ത രസീതികൾ സഞ്ചയ സോഫ്റ്റ്‌വെയറിൽ ക്യാൻസൽ ചെയ്യപ്പെടാതെ പോയത് എന്നാണ് അറിയിച്ചത് . റദ്ദാക്കിയ രസീത് പ്രകാരം സഞ്ചയയിൽ വരവ് ചേർത്തിട്ടുള്ളതിനാൽ തുക നഷ്ടമാവാനിടയുണ്ട്. ആയത് പരിശോധിച്ച് തുക നഷ്ടമായിട്ടുണ്ടെങ്കിൽ നഷ്ടത്തുക ഉത്തരവാദികളിൽ നിന്ന് ഈടാക്കേണ്ടതും ക്യാൻസൽ ചെയ്ത രസീതി എപ്രകാരമാണ് സഞ്ചയയിൽ വരവ് വെച്ചതെന്ന് വ്യക്തമാക്കേണ്ടതുമാണ്. ഭാവിയിൽ അപാകത ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-15 ജമമാറ്റത്തിനുള്ള അപേക്ഷകളിന്മേൽ ചട്ട പ്രകാരമുള്ള പിഴ ഈടാക്കുന്നില്ല.

2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 22 (5) പ്രകാരം വസ്തുവിന്റെ കൈമാറ്റം സംബന്ധിച്ച് നിശ്ചിത സമയത്തിനകം (മൂന്ന് മാസം –ചട്ടം 22(1) ) സെക്രട്ടറിക്ക് നോട്ടീസ് നൽകുന്നതിനോ രേഖകൾ ഹാജരാക്കുന്നതിനോ വീഴ്ച വരുത്തുന്ന ആളുകളുടെ മേൽ സെക്രട്ടറിക്ക് 500/- രൂപയിൽ കവിയാത്ത തുക പിഴയായി ചുമത്താവുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ 2021-22 സാമ്പത്തിക വർഷം ആറളം ഗ്രാമ പഞ്ചായത്തിൽ ജമ മാറ്റത്തിന് സമർപ്പിച്ച ഏതാനും അപേക്ഷകൾ പരിശോധിച്ചപ്പോൾ പ്രസ്തുത പിഴ ഈടാക്കിയിട്ടില്ല എന്ന് ബോധ്യപ്പെട്ടു . ഉദാഹരണങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | അപേക്ഷകന്റെ പേര് | അപേക്ഷ തീയ്യതി | ആധാരം നം &രജിസ്ട്രേഷൻ തീയ്യതി | കെട്ടിട നമ്പർ |
|---|---|---|---|---|
| 1 | സിബിലി സെബാസ്റ്റ്യൻ | 16.09.2021 | 836/1999 തീയതി 20.03.99 | 4/147 |
| 2 | സൗമ്യ. സി. എസ് | 07.10.2021 | 670/1999 തീയതി 06.03.1999 | 2/149 |
| 3 | റോബിൻ തോമസ് | 23.10.21 | 1319/1/121 തീയതി 23.06.21 | 1/159 A |
| 4 | പത്മനാഭൻ | 22.11.21 | 3433/1/11 തീയതി 06.09.11 | 15/64 |
| 5 | ഹസീന | 23.09.21 | 1094/21 തീയതി 13.04.21 | 15/139 |
| 6 | അന്നമ്മ | 12.10.21 | 467/1985 തീയതി 02.11.85 | 3/34 |
| 7 | മേഴ്സി. വി. സി | 01.10.21 | 1274/1/21 തീയതി 30.04.21 | 7/209 |

മുകളിൽ പരാമർശിച്ചിട്ടുള്ള അപേക്ഷകരിൽ നിന്നും ചട്ടപ്രകാരമുള്ള പിഴ ഈടാക്കിയതിന്റെ വിവരം ഓഡിറ്റിൽ ഹാജരാക്കുന്നതിനുവേണ്ടി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.32/21-22 തീയ്യതി.19.10.2022) മറുപടി നൽകിയിട്ടില്ല. മുകളിൽ പരാമർശിച്ച അപേക്ഷകരിൽ നിന്നും ചട്ടപ്രകാരമുള്ള തുക ഒടുക്കിയതിന്റെ വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്. കൂടാതെ 2021-22 സാമ്പത്തിക വർഷം ജമ മാറ്റത്തിന് സമർപ്പിച്ച നിശ്ചിത സമയ പരിധി കഴിഞ്ഞ മുഴുവൻ അപേക്ഷകളും പരിശോധിച്ച് ചട്ടപ്രകാരമുള്ള പിഴ ഈടാക്കിയിട്ടുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതാണ്.

## 1-16 ലൈവ്‌സ്റ്റോക്ക് ഫാമുകൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു

2012-ലെ കേരള പഞ്ചായത്തീരാജ് (ലൈവ് സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങൾ ചട്ടം 7(2) പ്രകാരം ഗ്രാമ പഞ്ചായത്ത് സെക്രട്ടറി ഫോറം 3 ൽ നൽകുന്ന ലൈസൻസ് കൂടാതെ ഫാമുകൾ നടത്തുന്നത് അനുവദനീയമല്ല. സഞ്ചയ സോഫ്റ്റ് വെയറിലെ വിവിധ കെട്ടിടങ്ങളുടെയും അവയുടെ ഉപയോഗക്രമങ്ങളും പരിശോധിച്ചതിൽ (ഫോറം 6) പഞ്ചായത്ത് പരിധിയിൽ 21 കെട്ടിടങ്ങൾക്ക് കോഴിവളർത്തൽ ഷെഡ്/ലൈവ് സ്റ്റോക്ക് ഷെഡ് എന്നീ അവശ്യങ്ങൾക്കായി നമ്പർ അനുവദിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.

| ക്രമ നം | കെട്ടിട ഉടമസ്ഥൻ | കെട്ടിട നം | ഉപയോഗക്രമം |
|---|---|---|---|
| 1 | വട്ടംതൊട്ടിയിൽ ഡെന്നിതോമസ്, നെടുംമുണ്ട, പായം | 1/176 A | ലൈവ് സ്റ്റോക്ക് ഷെഡ് |
| 2 | കുറ്റാരപ്പള്ളിൽ ദേവസ്യ, കുറ്റാരപ്പള്ളിൽ ഹൌസ്,വളയംകോട്, | 1/218 A | കോഴി വളർത്തൽ ഷെഡ് |

| | | | |
|---|---|---|---|
| 3 | ജോസഫ്, മാടപ്പള്ളി, മാങ്ങോട്, കീഴ്പ്പള്ളി | 4/130 | കോഴി വളർത്തൽ ഷെഡ് |
| 4 | പാറ്റാനി ജൂബി, ചതിരൂർ | 4/229 | കോഴി വളർത്തൽ ഷെഡ് |
| 5 | പുതുപ്പറമ്പിൽ മേരി, ചതിരൂർ | 5/103 A | കോഴി വളർത്തൽ ഷെഡ് |
| 6 | ചെറിയകുന്നേൽ വർക്കി, ചതിരൂർ | 5/104 A | കോഴി വളർത്തൽ ഷെഡ് |
| 7 | കണ്ണന്താനത്ത് ജോസ്, കീഴ്പ്പള്ളി | 5/256 B | കോഴി വളർത്തൽ ഷെഡ് |
| 8 | കണ്ണന്താനത്ത് ജോസ്, കീഴ്പ്പള്ളി | 5/256 C | കോഴി വളർത്തൽ ഷെഡ് |
| 9 | വെള്ളാപ്പാണിയിൽ ജോർജ്ജ്, വെള്ളാപ്പാണിയിൽ, കീഴ്പ്പള്ളി | 5/257 A | കോഴി വളർത്തൽ ഷെഡ് |
| 10 | പൂവത്തോലിൽ തോമസ്, പുതിയങ്ങാടി, കീഴ്പ്പള്ളി | 6/1B | കോഴി വളർത്തൽ ഷെഡ് |
| 11 | കാഞ്ഞിരക്കാട്ട് സണ്ണി, കാഞ്ഞിരക്കാട്ട്, പരിപ്പുതോട്, കീഴ്പ്പള്ളി | 6/14 A | കോഴി വളർത്തൽ ഷെഡ് |
| 12 | വെട്ടുകല്ലാംകുഴിയിൽ അബ്രഹാം, വെട്ടുകല്ലാംകുഴിയിൽ, കീഴ്പ്പള്ളി, കീഴ്പ്പള്ളി | 6/370 A | കോഴി വളർത്തൽ ഷെഡ് |
| 13 | കടുത്തലക്കുന്നേൽ വർക്കി, കടുത്തലക്കുന്നേൽ, വട്ടപ്പറമ്പ്, കീഴ്പ്പള്ളി, | 7/384 A | കോഴി വളർത്തൽ ഷെഡ് |
| 14 | മുരിയൻകരിയിൽ ജോർജ്ജ്, അത്തിക്കൽ, വെളിമാനം | 8/129 A | കോഴി വളർത്തൽ ഷെഡ് |
| 15 | വെട്ടിയാംകണ്ടത്തിൽ തോമസ്, ഇടവേലി, വെളിമാനം, | 8/262 A | കോഴി വളർത്തൽ ഷെഡ് |
| 16 | ചന്ദനപറമ്പിൽ രാജൻബാബു, ഇടവേലി, വെളിമാനം | 8/281 A | കോഴി വളർത്തൽ ഷെഡ് |
| 17 | മഞ്ഞുമ്മേൽകുടി മത്തായി, എടവേലി, വീർപ്പാട് മഞ്ഞുമ്മേൽകുടി ജോസഫ് | 8/343 C | കോഴി വളർത്തൽ ഷെഡ് |
| 18 | നിരകല്ലുംകൽ അയ്യപ്പൻ, നിരകല്ലുംകൽ, വെളിമാനം | 9/68 A | ലൈവ് സ്റ്റോക്ക് ഷെഡ് |
| 19 | പൂവ്വത്തുങ്കൽ കുര്യൻ, വളയംകോട്, വെളിമാനം | 11/242A | കോഴി വളർത്തൽ ഷെഡ് |
| 20 | പൂവ്വത്തുങ്കൽ കുര്യൻ, വളയംകോട്, വെളിമാനം | 11/242B | കോഴി വളർത്തൽ ഷെഡ് |
| 21 | കുന്നത്ത് കൈതേരി മോഹനന്, നീലിയത്ത് കനകമണി, ശ്രുതിലയം, ആറളം | 17/271 A | കോഴി വളർത്തൽ ഷെഡ് |

2021-22 സാമ്പത്തിക വർഷങ്ങളിൽ എത്ര ഫാമുകൾക്കാണ് ലൈസൻസ് അനുവദിച്ചിട്ടുള്ളതെന്നും ലൈവ് സ്റ്റോക്ക് ഫാം രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണെന്നും 12.10.2022 ലെ ഓഡിറ്റ് അന്വേഷണം നം.5/21-22 പ്രകാരം ആവശ്യപ്പെട്ടിരുന്നു. ആയതിന് മേൽ പറഞ്ഞ ഫാമുകൾ നൂറിൽ താഴെ മാത്രമെ പക്ഷികളുടെ എണ്ണം ഉള്ളൂ എന്നാണ് മറുപടി ലഭ്യമാക്കിയിരിക്കുന്നത്. എന്നാൽ മറുപടിയിൽ പറഞ്ഞ പ്രകാരം പ്രസ്തുത ഫാമുകൾക്ക് 2012-ലെ കേരള പഞ്ചായത്തീരാജ് (ലൈവ് സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങൾ ചട്ടം 7(2) പ്രകാരം ഗ്രാമ പഞ്ചായത്ത് സെക്രട്ടറി ഫോറം 3 ൽ നൽകുന്ന ലൈസൻസ് ബാധകമല്ലായെങ്കിൽ 1996 ലെ കേരള പഞ്ചായത്ത് രാജ് (അസഹ്യവും അപകടകരവുമായ ഫാക്ടറികൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ (നിലവിൽ 1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തന ങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ)ചട്ടങ്ങൾ) പട്ടിക ഒന്നിലെ ക്രമ നം. 130 പ്രകാരമുള്ള എഫ് ടി ഇ & ഒ എസ് ലൈസൻസ് ഫീസ്

ഈടാക്കേണ്ടതാണ്. ആയത് ഈടാക്കിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ലൈവ് സ്റ്റോക്ക് ഫാം രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഇവ പ്രവർത്തനം തുടരുന്നുണ്ടെങ്കിൽ അടിയന്തരമായി ലൈസൻസ് എടുപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-17 വളർത്തു പട്ടികൾക്ക് ലൈസൻസ് ഫീസ് ചുമത്തിയിട്ടില്ല

1998 കേരള പഞ്ചായത്ത് രാജ് (പന്നികൾക്കും, പട്ടികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ ചട്ടം 4(1)പ്രകാരം പട്ടി, പന്നി എന്നിവ കൈവശത്തിലോ നിയന്ത്രണത്തിലോ ഉള്ള ഏതൊരാളും അങ്ങനെയുള്ള ഓരോ മൃഗത്തെയും വളർത്തുന്നതിനും കൈവശം വയ്ക്കുന്നതിനും ഗ്രാമ പഞ്ചായത്തിന്റെ ലൈസൻസിനായി അപേക്ഷിക്കേണ്ടതും ചട്ടം 4(6)പ്രകാരം ലൈസൻസ് കാലാവധി അവസാനിക്കുന്നതിന് മുമ്പ് അടുത്ത സാമ്പത്തിക വർഷത്തേക്ക് പത്ത് രൂപ ഫീസ് സഹിതം അപേക്ഷിച്ച് ലൈസൻസ് പുതുക്കി വാങ്ങേണ്ടതുമാണ്. ചട്ടം 5പ്രകാരം ലൈസൻസ് ഇല്ലാതെയും ലൈസൻസ് വ്യവസ്ഥകൾക്ക് വിരുദ്ധമായും പട്ടി, പന്നി എന്നിവ വളർത്തുന്നുണ്ടെങ്കിൽ 250/-രൂപ വരെ പിഴ ശിക്ഷ ചുമത്താവുന്നതാണ്. വെറ്റിനറി സർജൻ നിർവ്വഹണ ഉദ്യോഗസ്ഥനായി നടത്തിയ പേവിഷ നിർമാർജ്ജനം( 33/2022 )എന്ന പ്രോജക്ട് പ്രകാരം പഞ്ചായത്തിലെ വിവിധ കേന്ദ്രങ്ങളിൽ വെച്ച് 14.03.22 , 15.03.22, 16.03.22 , 17.03.22 എന്നീ തീയതികളിൽ വളർത്തു പട്ടികൾക്ക് പ്രതിരോധ കുത്തിവെപ്പ് നടത്തിയിരുന്നു. പ്രതിരോധ കുത്തിവെപ്പ് വിവരം രേഖപ്പെടുത്തുന്ന രജിസ്റ്ററിൽ 2021-2022 വർഷത്തിൽ 407 പട്ടികൾക്ക് കുത്തിവെപ്പ് നടത്തിയതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഓഡിറ്റിന് ഹാജരാക്കിയ പിഗ് &ഡോഗ് ലൈസൻസ് രജിസ്റ്റർ പ്രകാരം 22 വളർത്തു പട്ടികൾക്ക് മാത്രമേ ഫീസ് ചുമത്തിയതായി കാണുന്നത്. ഗ്രാമ പഞ്ചായത്തിലെ മുഴുവൻ വളർത്തു പട്ടി/പന്നികൾക്കും 1998 കേരള പഞ്ചായത്ത് രാജ് (പന്നികൾക്കും, പട്ടികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരം ലൈസൻസ് എടുത്തിട്ടുണ്ടോ എന്നും ഇല്ലെങ്കിൽ ഈ വിഷയത്തിൽ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങളും അറിയിക്കേണ്ടതാണ് എന്ന് കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.08/14.10.22) ലഭ്യമാക്കിയ മറുപടിയിൽ ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ഗ്രാമ പഞ്ചായത്ത് പരിധിയിൽ ഉള്ള എല്ലാ വളർത്തു പട്ടികൾക്കും ഫീസ് ചുമത്തേണ്ടതും അല്ലെങ്കിൽ ചട്ടം 5 പ്രകാരമുള്ള പിഴ ഈടാക്കേണ്ടതുമാണ്..

## 1-18 സർക്കാർ ഉത്തരവ് പാലിക്കാതെ ആർജിതാവധി സറണ്ടർ അനുവദിച്ചു

വൗച്ചർ നമ്പർ തീയതി തുക 22100200/02-06-2021 ₹ 417058

ജി.ഒ.(പി) 152/2020/ഫിൻ തീയതി 05-11-2020 പ്രകാരം ജീവനക്കാരുടെ ലീവ് സറണ്ടർ ആനുകൂല്യം 01-06-2021 മുതലേ അനുവദിക്കുകയുള്ളുവെന്ന് പരാമർശിച്ചിട്ടുണ്ടെങ്കിലും ജി.ഒ.(പി) 104/2021/ഫിൻ തീയതി 26-07-2021 പ്രകാരം 01-06-2021 മുതൽ സറണ്ടർ ആനുകൂല്യം അനുവദിക്കുന്നത് 6 മാസത്തേക്ക് ദീർഘിപ്പിച്ചിട്ടുണ്ട്. താഴെ പറയുന്ന ജീവനക്കാർക്ക് ലീവ് സറണ്ടർ അനുവദിച്ചിട്ടുണ്ട്.

| ക്രമ നമ്പർ | പേര്, ഉദ്യോഗപേര് | അനുവദിച്ച തുക |
|---|---|---|
| 1 | ബിജു.ടി, ഹെഡ് ക്ലർക്ക് | 57054 |
| 2 | ഗോപി.സി.സി, അക്കൗണ്ടന്റ് | 53058 |
| 3 | വർഗീസ്.പി.എസ്, സീനിയർ ക്ലർക്ക് | 45843 |
| 4 | ലത.പി.ജെ, സീനിയർ ക്ലർക്ക് | 49395 |
| 5 | രാഹുൽ.കെ,സീനിയർ ക്ലർക്ക് | 40515 |
| 6 | ജോയ്സ് അബ്രഹാം,വി, ക്ലർക്ക് | 42513 |
| 7 | രാജേഷ്.കെ,ക്ലർക്ക് | 38517 |
| 8 | സുബിന സത്യാനന്ദൻ.കെ,ക്ലർക്ക് | 30304 |
| 9 | റിജിത്ത്.കെ, ഓഫീസ് അറ്റൻഡന്റ് | 30304 |
| 10 | ടെസ്സി ഐസക്ക്, ഓഫീസ് അറ്റൻഡന്റ് | 29555 |

| | | |
|---|---|---|
| | ആകെ | 417058 |

ഓഫീസ് അറ്റൻഡന്റ്മാർക്ക് ലീവ് സറണ്ടർ ആനുകൂല്യം അനുവദിക്കാമെങ്കിലും സർക്കാർ ഉത്തരവിന് വിരുദ്ധമായി മറ്റ് എട്ട് ജീവനക്കാർക്ക് കൂടി ലീവ് സറണ്ടർ ആനുകൂല്യം അനുവദിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (14/17-10-2022) ലീവ് സറണ്ടർ ആനുകൂല്യം അനുവദിക്കുന്നതിലുള്ള നിയന്ത്രണം മുൻകാല പ്രാബല്യത്തോടെ 01-06-2021 മുതൽ ആറ് മാസത്തേക്ക് ദീർഘിപ്പിച്ച ഉത്തരവ് ഇറങ്ങുന്നതിന് (26-07-2021) മുൻപാണ് മേൽ വൗച്ചർ പ്രകാരം ലീവ് സറണ്ടർ ആനുകൂല്യം അനുവദിച്ചതെന്നാണ് മറുപടി നല്കിയിട്ടുള്ളത്. സർക്കാർ നിർദ്ദേശത്തിനനുസരിച്ച് തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-19 അങ്കണവാടികൾക്ക് ശിശു സൗഹൃദ പെയിന്റിംഗ്-രേഖകളുടെ അഭാവത്തിൽ ₹300000 ചെലവ് തടസ്സപ്പെടുത്തുന്നു.

ഐ സി ഡി എസ് സൂപ്പർവൈസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ പദ്ധതിയാണ് അങ്കണവാടികൾക്ക് ശിശു സൗഹൃദ പെയിന്റിംഗ്. വിശദവിവരങ്ങൾ ചുവടെ കൊടുക്കുന്നു.

| | |
|---|---|
| പദ്ധതിയുടെ പേര് | 15 അങ്കണവാടികൾക്ക് ശിശു സൗഹൃദ പെയിന്റിംഗ് |
| പ്രൊജക്റ്റ് നം | 57/22 |
| അടങ്കൽ | ₹300000<br>മെയിന്റനൻസ് ഫണ്ട്(റോഡിതരം) |
| ബിൽനം/ചെക്ക് നം/തീയ്യതി/തുക | ₹300000 (ബിൽ. നം. 2122065201190104625/02-02-22 |

പഞ്ചായത്തിലെ സ്വന്തമായി കെട്ടിടമുള്ള 15 അങ്കണവാടികളിൽ ചുമർ ചിത്രം വരച്ച് പ്രീ-സ്കൂൾ കുട്ടികളെ അങ്കണവാടികളിലേക്ക് ആകർഷിക്കുക എന്ന ലക്ഷ്യത്തോടെയാണ് പദ്ധതി തയ്യാറാക്കിയിരിക്കുന്നത്. അങ്കണവാടികളിൽ ചിത്രം വരയുന്നതിനുള്ള മേൽ പ്രോജക്ടിനായി സ്ക്വയർ ഫീറ്റിന് ₹ 52 നിരക്കിലുള്ള ശ്രീ. ശശീന്ദ്രൻ, ഛായാ ആർട്സ്, ഇരിട്ടി എന്ന വ്യക്തിയുടെ ടെണ്ടർ അംഗീകരിച്ചിട്ടുണ്ട്. ഇത് പ്രകാരം 15 അങ്കണവാടികളിൽ ചിത്രം വരച്ചതിന്റെ ചെലവിനത്തിൽ ₹300000 കരാറുകാരന് നൽകിയിട്ടുണ്ട്. മേൽ പ്രോജക്ടിൽ താഴെ പറയുന്ന അപാകങ്ങൾ കാണുന്നു .

1 ടെണ്ടർ ക്ഷണിച്ച നോട്ടീസിൽ ചെയ്യേണ്ട പ്രവൃത്തിയുടെ യൂണിറ്റ്, നിരക്ക്, സ്പെസിഫിക്കേഷൻ, രേഖപ്പെടുത്തിയിട്ടില്ല .

2. ടെണ്ടർ നടപടികളിൽ പങ്കെടുത്ത ആളുകളുടെ എണ്ണം, ക്വാട്ട് ചെയ്ത തുക എന്നിവ വ്യക്തമാക്കുന്ന കമ്പേരിറ്റീവ് സ്റ്റേറ്റ്മെന്റ് ഹാജരാക്കിയിട്ടില്ല.

3. ചുമർ ചിത്രം വരയ്ക്കൽ പൂർത്തിയായതായി അംഗനവാടി വർക്കർമാരുടെ സാക്ഷ്യപത്രം ഫയലിലുണ്ടെങ്കിലും അസിസ്റ്റന്റ് എഞ്ചിനീയറുടെ വാല്യുവേഷൻ സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ നൽകിയ തുകയ്ക്ക് അനുസരിച്ചുള്ള പ്രവൃത്തി നടന്നിട്ടുണ്ടെന്ന് വ്യക്തമല്ല.

4. മോണിറ്ററിംഗ് റിപ്പോർട്ട്, പൂർത്തീകരണ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കിയിട്ടില്ല.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള (ഓഡിറ്റ് എൻക്വയറി നമ്പർ-12/17-10-2022) മറുപടിയിൽ രേഖകൾ ലഭ്യമാകുന്ന മുറയ്ക്ക് ഹാജരാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. മതിയായ രേഖകളുടെ അഭാവത്തിൽ ₹300000 ടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-20 വനിതാ ഗ്രൂപ്പ് സ്വയംതൊഴിൽ സംരംഭങ്ങൾക്ക് സബ്സിഡി - നാളിതുവരെയായി സംരംഭങ്ങൾ തുടങ്ങിയിട്ടില്ല.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വി.ഇ.ഒ, കീഴ്പള്ളി സർക്കിൾ |
| പ്രോജക്ട് നമ്പർ, പേര് | 75/22, വനിതാ ഗ്രൂപ്പ് സ്വയംതൊഴിൽ സംരംഭങ്ങൾക്ക് സബ്സിഡി - പൊതുവിഭാഗം |
| അടങ്കൽ | ₹ 100000 (വികസന ഫണ്ട്, ജനറൽ) |
| ചെലവ് | ₹ 100000 |

| | |
|---|---|
| തുക, ബിൽ നമ്പർ, തീയതി | ₹ 50000, 21220652011801469190, 26-03-2022<br>₹ 50000, 21220652011801469176, 26-03-2022 |

2021-22 വർഷം 2 കുടുംബശ്രീ ഗ്രൂപ്പുകൾക്ക് വനിത ഘടക പദ്ധതിയിൽ സ്വയംതൊഴിൽ ലഭിക്കുന്നതിന് പേപ്പർ ബാഗ് നിർമ്മാണ യൂണിറ്റ്, ഹോട്ട്, കൂൾ & ഫോട്ടോസ്റ്റാറ്റ് എന്നീ സംരംഭങ്ങൾക്ക് വികസന ഫണ്ടിൽ നിന്നും ₹ 50000 വീതം ബാക്ക് എൻഡ് സബ്സിഡിയിയായി താഴെപ്പറയുംപ്രകാരം അനുവദിച്ചിട്ടുണ്ട്.

| ക്രമ നമ്പർ | കുടുംബശ്രീ ഗ്രൂപ്പിന്റെ പേര് | തുക ക്രെഡിറ്റ് ചെയ്ത അക്കൗണ്ട് നമ്പർ | അനുവദിച്ച തുക |
|---|---|---|---|
| 1 | ഹോട്ട്, കൂൾ & ഫോട്ടോസ്റ്റാറ്റ് | കനറ ബാങ്ക്, ഇരിട്ടി ശാഖ<br>6946295000002, CNRB | ₹ 50,000 |
| 2 | ഹർഷ പേപ്പർ ബാഗ് സംരഭം | കനറ ബാങ്ക്, ഇരിട്ടി ശാഖ<br>6946295000002, CNRB | ₹ 50,000 |

പ്രോജക്ടുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

1. യൂനിറ്റുകൾ പ്രവർത്തനം തുടങ്ങിയതിന്റെ രേഖകൾ, ബാക്ക് എൻഡ് സബ്സിഡി ക്രെഡിറ്റ് ചെയ്ത പാസ്സ് ബുക്കുകൾ.

2. യൂണിറ്റുകൾ ആരംഭിച്ച കെട്ടിടങ്ങളുടെ നമ്പർ, യൂണിറ്റുകൾക്ക് ഗ്രാമ പഞ്ചായത്ത് അനുവദിച്ച ലൈസൻസിന്റെ വിവരങ്ങൾ.

3. ഗ്രൂപ്പുകൾ രൂപീകരിച്ച് 6 മാസത്തിനുശേഷമുള്ള ഗ്രേഡിംഗിന്റെ വിവരങ്ങൾ.

4. സംരംഭത്തിന്റെ നിലവിലെ സ്ഥിതിയും പ്രവർത്തന റിപ്പോർട്ടും.

5. പ്രോജക്ടിന്റെ മോണിറ്ററിംഗ് റിപ്പോർട്ട്.

## 1-21 മൃഗാശുപത്രിക്ക് കമ്പ്യൂട്ടർ വാങ്ങൽ (സ്പിൽ ഓവർ) - അധികം ഒടുക്കിയ ₹2406 തിരികെ ഈടാക്കേണ്ടതാണ്.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വെറ്റിനറി സർജൻ |
| പ്രോജക്ട് നമ്പർ, പേര് | 179/22, മൃഗാശുപത്രിക്ക് കമ്പ്യൂട്ടർ വാങ്ങൽ (സ്പിൽ ഓവർ) |
| അടങ്കൽ | ₹ 75,000 (മെയിന്റനൻസ് ഫണ്ട്, റോഡിതരം) |
| ചെലവ് | ₹ 62,560 |
| ബിൽ നമ്പർ, തീയതി | ₹ 21220652012000741610, 18-12-21 |

ആറളം ഗ്രാമ പഞ്ചായത്ത് മൃഗാശുപത്രിയിൽ ഉപയോഗിക്കുന്നതിനുവേണ്ടി കമ്പ്യൂട്ടർ വാങ്ങുന്നതിനാണ് ഈ പ്രോജക്ട് രൂപീകരിച്ചിരിക്കുന്നത്. സംസ്ഥാന സർക്കാരിന്റെ കേന്ദ്രീകൃത ഓൺലൈൻ വാങ്ങൽ സംവിധാനത്തിൽ രജിസ്റ്റർ ചെയ്ത് കേരള സ്റ്റേറ്റ് ഐ.ടി. മിഷൻ ലഭ്യമാക്കുന്ന പ്രഫോർമ ഇൻവോയ്സ് പ്രകാരമുള്ള തുക അവരുടെ അക്കൗണ്ടിലേക്ക് കൈമാറുകയും അവർ കെൽട്രോൺ മുഖേന കമ്പ്യൂട്ടർ ലഭ്യമാക്കുകയും ചെയ്യുന്നു. ഇതിനായി കേരള സംസ്ഥാന ഇലക്ട്രോണിക്സ് ഡവലപ്പ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡിന്റെ 18-11-21 ലെ TVM/ITBG/PI/ RC/32158/20-21 നമ്പർ പ്രൊഫോർമ ഇൻവോയ്സ് പ്രകാരം 2 ഡെസ്ക്ടോപ്പ് കമ്പ്യൂട്ടറിന്റെ വിലയായ ₹ 62560 കേരള സ്റ്റേറ്റ് ഐ.ടി. മിഷന്റെ ട്രഷറി അക്കൗണ്ടിലേക്ക് (അക്കൗണ്ട് നമ്പർ 799011400003959) 18-12-2021 ന് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിരുന്നു. ACER India Pvt. Ltd, Pondichery യുടെ PYSI21064726 നമ്പർ ഇൻവോയ്സ് പ്രകാരം 14-03-22 ന് 2 കമ്പ്യൂട്ടറുകൾ ലഭ്യമായിട്ടുണ്ട്. പ്രഫോർമ ഇൻവോയ്സ് പ്രകാരം ₹62560 നൽകിയിട്ടുണ്ടെങ്കിലും ₹ 60154 യുടെ കമ്പ്യൂട്ടറാണ് കെൽട്രോൺ ലഭ്യമാക്കിയിട്ടുള്ളത്. ബാക്കി ₹2406 തിരികെ ഈടാക്കിയതിന്റെ വിവരം ലഭ്യമാക്കാൻ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് നിർവ്വഹണ ഉദ്യോഗസ്ഥൻ ഹാജരാക്കിയ മറുപടി തൃപ്തികരമല്ല. തുക തിരികെ ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-22 കന്നുകുട്ടി പരിപാലനം - പദ്ധതി പൂർത്തിയാകുന്ന മുറയ്ക്ക് മുഴുവൻ തുകയുടെയും വിനിയോഗ വിവരം ലഭ്യമാക്കേണ്ടതും കാലിത്തീറ്റ വാങ്ങാത്തവർ പദ്ധതിയിൽ നിന്നും ഒഴിവായി എന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വെറ്റിനറി സർജൻ |
| പ്രോജക്ട് നമ്പർ, പേര് | 30/22, പ്രത്യേക കന്നുകുട്ടി പരിപാലനം |

| | |
|---|---|
| അടങ്കൽ | ₹ 6,25,000 (വികസന ഫണ്ട്, പൊതുവിഭാഗം) |
| | ₹ 6,25,000 (സംസ്ഥാനാവിഷ്കൃത ഫണ്ട്) |
| | ₹ 12,50,000 (മറ്റുള്ളവ) |
| ആകെ | ₹ 3,25,000 |
| ചെലവ് | ₹ 6,25,000<br>BRN നമ്പർ 212206520120007196 44, 17-11-2021 |

ആറളം ഗ്രാമ പഞ്ചായത്തിലെ കന്നുകുട്ടികളെ ആരോഗ്യകരമായ വളർച്ചയ്ക്ക് സഹായിക്കുന്ന തിനായി കാലിത്തീറ്റ സബ്സിഡി നിരക്കിൽ നൽകുന്ന പദ്ധതിയാണിത്. 4-6 മാസം പ്രായമുള്ള പെൺകിടാരികളെയാണ് പദ്ധതിക്കായി തെരഞ്ഞെടുക്കുന്നത്. കന്നുകുട്ടിക്ക് ഗുണനിലവാരമുള്ള കാലിത്തീറ്റ ലഭ്യമാക്കുകയും പദ്ധതിക്കാല യളവ് തീരുന്നതുവരെ ഇൻഷുറൻസ് പരിരക്ഷ ഉറപ്പുവരുത്തുകയും ചെയ്യുന്നു. ഒരു ഗുണഭോക്താവിന് ₹ 6,250 പഞ്ചായത്ത് വിഹിതവും ₹6,250 മൃഗസംരക്ഷണ വകുപ്പിന്റെ വിഹിതവുമായി ഒരാൾക്ക് ആകെ സബ്സിഡി ₹12,500. ഗുണഭോക്താക്കൾക്ക് ഗ്രാമ പഞ്ചായത്ത് ഭരണസമിതി തെരഞ്ഞെടുത്ത കീഴ്പ്പള്ളി, എടൂർ, ചെടിക്കുളം ക്ഷീരസംഘങ്ങൾ വഴിയാണ് കാലിത്തീറ്റ വിതരണം ചെയ്യുന്നത്. പ്രോജക്ട് നിർവ്വഹണവുമായി ബന്ധപ്പെട്ട് ക്ഷീരസംഘങ്ങൾ ലഭ്യമാക്കിയ കാലിത്തീറ്റ വിതരണ രജിസ്റ്റർ പരിശോധിച്ചതിൽ താഴെപ്പറയുന്ന ഗുണഭോക്താക്കൾ 2 മാസത്തിൽ കൂടുതലായി കാലീത്തീറ്റ കൈപ്പറ്റിയിട്ടില്ല എന്ന് ബോധ്യപ്പെട്ടു.

| വിതരണ രജിസ്റ്ററിലെ ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | കാലിത്തീറ്റ കൈപ്പറ്റുന്ന ക്ഷീരസംഘം | അവസാനം കാലിത്തീറ്റ കൈപ്പറ്റിയ തീയതി |
|---|---|---|---|
| 21 | ഗീത ചെന്നപ്പൊയിൽ | കീഴ്പ്പള്ളി | 30-04-2022 |
| 43 | കെ ടി ജോസഫ്, കോട്ടൂർ | ചെടിക്കുളം | 21-06-2022 |
| 46 | ബിനി ജോസഫ്, പാറപ്പുഴ | ചെടിക്കുളം | 21-07-2022 |
| 52 | ജോസഫ് പി വി, പാറപ്പുഴ | ചെടിക്കുളം | 21-07-2022 |
| 57 | പ്രേമൻ മീത്തലെ പുരയിൽ | ചെടിക്കുളം | 21-06-2022 |

പദ്ധതി പൂർത്തിയാകുന്ന മുറയ്ക്ക് മുഴുവൻ തുകയുടെയും വിനിയോഗ വിവരം ലഭ്യമാക്കേണ്ടതും 2 മാസത്തിൽ കൂടുതലായി കാലീത്തീറ്റ കൈപ്പറ്റിയിട്ടില്ലാത്തവർ പദ്ധതിയിൽ നിന്നും ഒഴിവായി എന്ന് ഉറപ്പുവരുത്തേണ്ടതുമാണ്

## 1-23 വൃക്ക രോഗികൾക്ക് ഡയാലിസിസ് തുടർ ചികിത്സ -മരുന്ന് ലഭിച്ചതിന്റെ രേഖകൾ ലഭ്യമാക്കിയില്ല - ₹200000 തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, സി എച്ച് സി, ആറളം ഗ്രാമ പഞ്ചായത്ത്. |
| പ്രോജക്ട് നമ്പർ, പേര് | 81/22, വൃക്ക രോഗികൾക്ക് ഡയാലിസിസ് തുടർ ചികിത്സ |
| അടങ്കൽ | ₹ 200000 (വികസന ഫണ്ട്, ജനറൽ) |
| ചെലവ്, ബിൽ/ചെക്ക് നമ്പർ, തീയതി | ₹ 200000,<br>₹ 44065, 212206520095011323 93, 11-2-22 |

വൃക്ക രോഗികൾക്ക് ഡയാലിസിസ് തുടർ ചികിത്സയുടെ ഭാഗമായി മരുന്ന് വാങ്ങുന്നതിനാണ് പ്രോജക്ട് തയ്യാറാക്കിയിട്ടുള്ളത്. 5-2-22 ലെ PRF 5456 നമ്പർ പ്രഫോർമ ഇൻവോയ്സിന്റെ അടിസ്ഥാനത്തിൽ ₹ 200000 കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന്റെ അക്കൗണ്ടിലേക്ക് (അക്കൗണ്ട് നമ്പർ 3624001800000019, പഞ്ചാബ് നാഷണൽ ബാങ്ക്) മുൻകൂറായി ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. പ്രോജക്ടിന്റെ പകർപ്പ്, മരുന്ന്/ഉപകരണത്തിന്റെ ഇന്റന്റ്, മരുന്ന് ലഭിച്ചതിന്റെ അസ്സൽ ബില്ലുകൾ, സ്റ്റോക്ക് രജിസ്റ്റർ, മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ ഫയലിൽ സൂക്ഷിച്ചിട്ടില്ല. ചെലവുമായി ബന്ധപ്പെട്ട മുഴുവൻ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കാൻ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മരുന്നുകൾ ലഭിക്കുന്ന മുറയ്ക്ക് രേഖകളും പരിശോധനയ്ക്ക് ലഭ്യമാക്കുമെന്നാണ് നിർവ്വഹണ

ഉദ്യോഗസ്ഥൻ മറുപടി ഹാജരാക്കിയിട്ടുള്ളത്. 11.02.2022-ന് തുക ഒടുക്കി നാളിതുവരെയായിട്ടും മരുന്ന് ലഭിക്കാത്ത സാഹചര്യത്തിൽ ചെലവു തുക ₹200000 തടസ്സപ്പെടുത്തുന്നു. മരുന്നുകൾ അടിയന്തിരമായി ലഭ്യമാക്കാൻ സത്വര നടപടികൾ സ്വീകരിക്കേണ്ടതും പ്രോജക്ടുമായി ബന്ധപ്പെട്ട മുഴുവൻ രേഖകളും പരിശോധനയ്ക്ക് ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-24 ബെയിലിംഗ് മെഷീൻ പ്രവർത്തനക്ഷമമാക്കിയിട്ടില്ല- ₹4,63,500 തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ടിന്റെ നമ്പർ /പേര് | 254/2022 എം.സി.എഫിന് ബെയിലിംഗ് മെഷീൻ വാങ്ങൽ |
| അടങ്കൽ | ₹5,00,000 ധനകാര്യ കമ്മിഷൻ അവാർഡ്<br>₹30,000 കേന്ദ്രാവിഷ്കൃത ഫണ്ട്<br>ആകെ- ₹5,30,000 |
| ചെലവ് | ₹4,63,500 ധനകാര്യ കമ്മിഷൻ അവാർഡ് |
| വൗച്ചർ നമ്പർ,തീയതി | 22101198, 25-02-2022 |

മേൽ പ്രോജക്ട് പ്രകാരം എം.സി.എഫിൽ ബെയിലിംഗ് മെഷീൻ വാങ്ങിയതിന് ₹4,63,500 രൂപ കോളാർ മിൽ സ്റ്റോർസ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിന് അനുവദിച്ചിട്ടുണ്ട്. മേൽ പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകങ്ങൾ താഴെ കൊടുക്കുന്നു.

1) ബെയിലിംഗ് മെഷീൻ വാങ്ങുന്നതിനായി ഇ-ടെണ്ടർ ക്ഷണിച്ചതിൽ ലഭ്യമായ 9 ടെണ്ടറുകളിൽ കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത ആദ്യ നാല് സ്ഥാനക്കാരെ ഒഴിവാക്കി അഞ്ചാമത്തെ സ്ഥാപനത്തിന്റെ ടെണ്ടറാണ് അംഗീകരിച്ചിട്ടുള്ളത്. ആദ്യ നാല് സ്ഥാനക്കാരും ക്വാട്ട് ചെയ്തത് Auto Ejecting സംവിധാനത്തോട് കൂടിയ മെഷീനല്ല എന്ന് സാങ്കേതിക വിദഗ്ദരെ കൊണ്ട് പരിശോധിപ്പിച്ച് ഉറപ്പ് വരുത്തിയിരുന്നോ എന്ന് വ്യക്തമല്ല.

2) ശുചിത്വ മിഷന്റെ 29-12-2021 ലെ 1354/2021/എസ്.ബി.എം നമ്പർ കത്തിൽ ക്വോട്ട് ചെയ്ത കുറഞ്ഞതുക, പ്രവൃത്തിപരിചയം എന്നിവയുടെ അടിസ്ഥാനത്തിൽ ഏജൻസിയെ തെരഞ്ഞെടുക്കുന്നതാണ് ഉചിതം എന്ന് പരാമർശിച്ചിട്ടുണ്ട്. ഇവ പരിഗണിച്ചാണോ ടെണ്ടർ അംഗീകരിച്ചത് എന്ന് വ്യക്തമല്ല.

3) ബെയിലിംഗ് മെഷീൻ പ്രവർത്തിപ്പിക്കാൻ ത്രീഫേസ് കണക്ഷൻ വേണമെന്നിരിക്കെ എം.സി.എഫിലേക്ക് ത്രീഫേസ് കണക്ഷൻ ലഭ്യമാവാതെയാണ് ബെയിലിംഗ് മെഷീൻ വാങ്ങിയിട്ടുള്ളത്.

4) 2021-22 വർഷം പ്രോജക്ട് നമ്പർ 332/2022 പ്രകാരം എം.സി.എഫിലേക്ക് ത്രീഫേസ് കണക്ഷൻ എന്ന പ്രോജക്ടിന് അംഗീകാരം കിട്ടിയിട്ടുണ്ടെങ്കിലും തൻവർഷം ഈ പ്രോജക്ടിൽ യാതൊരു ചെലവും ഉണ്ടായിട്ടില്ല. ഓഡിറ്റ് തീയതി വരെ ത്രീഫേസ് കണക്ഷൻ ലഭ്യമായിട്ടില്ല. ബെയിലിംഗ് മെഷീൻ പ്രവർത്തിപ്പിക്കുന്നുണ്ടോയെന്നും അറിയിക്കേണ്ടതാണ്.

5) ബെയിലിംഗ് മെഷീൻ പ്രവർത്തിപ്പിക്കാൻ ആവശ്യമായ സ്ഥലസൗകര്യം എം.സി.എഫ് കെട്ടിടത്തിലുണ്ടോ എന്ന് പരിശോധിച്ച് ഉറപ്പ് വരുത്തിയതിന്റെ രേഖകളില്ല.

6) സ്ഥാപനം ലഭ്യമാക്കിയ ബെയിലിംഗ് മെഷീൻ നിശ്ചിത സ്പെസിഫിക്കേഷനിലുള്ളതാണോ എന്ന് പരിശോധിച്ചതിന്റേയും, ട്രയൽ റൺ നടത്തിയതിന്റേയും രേഖകളില്ല.

7) കോളാർ മിൽ സ്റ്റോർസ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനവുമായി ഒപ്പുവച്ച എഗ്രിമെന്റ് പ്രകാരം മെഷീൻ സപ്ലൈ ചെയ്ത തീയതി മുതൽ ഒരു വർഷമാണ് വാറണ്ടി കാലാവധി. ബെയിലിംഗ് മെഷീൻ 05-02-2022 ന് എം.സി.എഫിലേക്ക് ലഭ്യമായിട്ടുണ്ട്. ബെയിലിംഗ് മെഷീൻ ഇതേവരെ ഇൻസ്റ്റാൾ ചെയ്തിട്ടില്ലാത്തതിനാൽ ഇൻസ്റ്റാൾ ചെയ്യുന്നതിന് മുമ്പ് തന്നെ വാറണ്ടി കാലാവധി കഴിഞ്ഞുപോകാനുള്ള സാധ്യത നിലനില്ക്കുന്നു.

മേൽ അപാകങ്ങൾ സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ-) കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത ആദ്യ നാല് സ്ഥാപനങ്ങളും മാന്വൽ ഇഞ്ചക്ഷൻ സംവിധാനമുള്ള ബെയിലിംഗ് മെഷീനാണ് ക്വാട്ട് ചെയ്തിരുന്നതെന്നും അതിനാലാണ് അഞ്ചാമത്തെ സ്ഥാപനത്തിന്റെ ടെണ്ടർ അംഗീകരിച്ചതെന്നും, ബെയിലിംഗ് മെഷീൻ പ്രവർത്തിപ്പിക്കുന്നതിന് ത്രീഫേസ് കണക്ഷൻ ആവശ്യമാണെന്ന് ശുചിത്വ മിഷനോ, മെഷീൻ സപ്ലൈ ചെയ്ത കമ്പനിയോ അറിയിക്കാത്തതിനാലാണ് ത്രീഫേസ് കണക്ഷൻ ലഭ്യമാവാതെ ബെയിലിംഗ് മെഷീൻ വാങ്ങിയതെന്നും, ത്രീഫേസ് കണക്ഷൻ ലഭ്യമാക്കാനുള്ള അടിയന്തിര നടപടികൾ സ്വീകരിച്ച്, ലഭ്യമായ ബെയിലിംഗ് മെഷീൻ നിശ്ചിത സ്പെസിഫിക്കേനിലുള്ളതാണെന്ന് ഉറപ്പാക്കി ട്രയൽറൺ നടത്തി പ്രവർത്തനക്ഷമമാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. യാതൊരു മുന്നൊരുക്കങ്ങളോ, പഠനമോ നടത്താതെയാണ് പ്രോജക്ട് നടപ്പാക്കിയതെന്ന് വ്യക്തമാണ്. ബെയിലിംഗ് മെഷീൻ ഇതേവരെ പ്രവർത്തന ക്ഷമമാക്കിയിട്ടില്ലാത്തതിനാൽ ഈ ഇനത്തിലെ ₹4,63,500 ടെ ചെലവ്

തടസ്സപ്പെടുത്തുന്നു. ബെയിലിംഗ് മെഷീൻ പ്രവർത്തനക്ഷമമാക്കുകയും പരാമർശിച്ച മറ്റ് അപാകങ്ങൾക്ക് തൃപ്തികരമായ മറുപടി നല്കുകയും ചെയ്ത് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-25 മാലിന്യ സംസ്കരണ ആവശ്യത്തിലേക്ക് വാഹനം വാങ്ങൽ - മുൻകൂറായി തുക നല്കിയിട്ടും വാഹനം ലഭ്യമായിട്ടില്ല - ₹469800 തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ടിന്റെ നമ്പർ /പേര് | 225/2022 മാലിന്യ സംസ്കരണ ആവശ്യത്തിലേക്ക് വാഹനം വാങ്ങൽ |
| അടങ്കൽ | ₹5,00,000 ധനകാര്യ കമ്മിഷൻ അവാർഡ് |
| ചെലവ് | ₹4,69,800 ധനകാര്യ കമ്മിഷൻ അവാർഡ് |
| വൗച്ചർ നമ്പർ,തീയതി | 22101153, 18-02-2022 ₹4,51,508<br>22101153, 18-02-2022 ₹3686<br>22101153, 18-02-2022 ₹3686<br>22101505, 31-03-2022 ₹10920 |

ഹരിത കർമ സേന ശേഖരിക്കുന്ന മാലിന്യങ്ങൾ എം.സി.എഫിലേക്ക് കൊണ്ടുവരുന്നതിനായി വാഹനം വാങ്ങലാണ് മേൽ പ്രോജക്ടിന്റെ ലക്ഷ്യം. മാലിന്യം ശേഖരിച്ച് എം.സി.എഫിലേക്ക് എത്തിക്കുന്നതിനായി പ്രത്യേകം രൂപകല്പന ചെയ്ത മൂന്ന് ചക്രങ്ങളുള്ള ഗുഡ്സ് ഇലക്ട്രിക്ക് വാഹനം വാങ്ങുന്നതിന് 28-10-2021 ൽ ക്ഷണിച്ച ടെണ്ടറിൽ മഹീന്ദ്ര&മഹീന്ദ്ര കമ്പനിയുടെ വിതരണക്കാരായ എ.എം.ജി കമേഴ്സൽ വെഹിക്കിൾസ്, ഇരിട്ടി എന്ന സ്ഥാപനം സമർപ്പിച്ച ഏക ടെണ്ടർ ഭരണ സമിതിയുടെ 02-11-2021 ലെ 3/2/2021 തീരുമാന പ്രകാരം അംഗീകരിക്കുകയും വാഹനം വാങ്ങുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. മേൽ പ്രോജക്ട് പ്രകാരം എ.എം.ജി കമേഴ്സൽ വെഹിക്കിൾസ്,ഇരിട്ടി എന്ന സ്ഥാപനത്തിന്റെ അക്കൗണ്ടിലേക്ക് (നം-10880200312406) മുൻകൂറായി ₹4,51,508 അനുവദിച്ചിട്ടുണ്ട്. മേൽ പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകങ്ങൾ താഴെ കൊടുക്കുന്നു.

1) എ.എം.ജി കമേഴ്സൽ വെഹിക്കിൾസ്,ഇരിട്ടി എന്ന സ്ഥാപനത്തിന് 18-02-2022 ന് മുൻകൂറായി തുക നല്കി എട്ട് മാസം കഴിഞ്ഞിട്ടും വാഹനം ലഭ്യമായിട്ടില്ല.

2) വാഹനം വാങ്ങുന്നതിനായി മുൻകൂറായി തുക അനുവദിച്ചത് ഏത് സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് എന്ന് വ്യക്തമാക്കിയിട്ടില്ല.

ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (17/18.10.2022) വാഹന രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാകാത്തതിനാലാണ് വാഹനം ലഭ്യമാകാത്തത് എന്നും ടെണ്ടർ എടുത്ത അംഗീകൃത ഡീലർക്ക് നോട്ടീസ് നല്കിയിട്ടുണ്ടെന്നുമാണ് മറുപടി നല്കിയിട്ടുള്ളത്. മുൻകൂറായി തുക നല്കി എട്ട് മാസം കഴിഞ്ഞിട്ടും വാഹനം ലഭ്യമാകാത്ത സാഹചര്യത്തിൽ ഈ ഇനത്തിലുള്ള ₹4,69,800 ടെ ചെലവ് തടസ്സപ്പെടുത്തുന്നു. വാഹനം ലഭ്യമാക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-26 ആസ്തി പരിപാലനം

പഞ്ചായത്ത് ഡയറക്ടറുടെ 08.11.2018-ലെ സി 2-15471/18 സർക്കുലറിലെ നിർദ്ദേശാനുസരണം എൽ.എസ്.ജി.ഡി. അസിസ്റ്റന്റ് എഞ്ചിനീയർ കൺവീനറും പ്രസിഡൻറ്/വികസന സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ അദ്ധ്യക്ഷനുമായി ഒരു ആസ്തി പരിപാലന കമ്മിറ്റി ഗ്രാമ പഞ്ചായത്തിൽ രൂപീകരിച്ചിട്ടുണ്ടെന്ന് ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ-6/12.10.2022) മറുപടി നല്കിയിട്ടുണ്ടെങ്കിലും ആസ്തി പരിപാലന കമ്മിറ്റിയുടെ മിനുട്സ് പരിശോധനക്കായി ലഭ്യമാക്കിയിട്ടില്ല. 29-01-2018 ലെ സ.ഉ (കൈ)11/2018/തസ്വഭവ നമ്പർ സർക്കാർ ഉത്തരവിലെ ഖണ്ഡിക 6.7 പ്രകാരം എല്ലാ ഗ്രാമപഞ്ചായത്തുകളും മെയിന്റനൻസ് ഫണ്ടും ലഭ്യമാക്കാൻ കഴിയുന്ന തനത് ഫണ്ടും ഉപയോഗപ്പെടുത്തി റോഡ്, റോഡിതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു പ്രത്യേക ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ ഇത്തരത്തിൽ പ്രത്യേക ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയിട്ടില്ല. ഗ്രാമ പഞ്ചായത്ത് പരിധിയിലുള്ള പുഴപുറമ്പോക്ക് ഉൾപ്പെടെയുള്ള പുറമ്പോക്ക് ഭൂമികളുടെ വിവരം ഉൾപ്പെടുത്തി പുറമ്പോക്ക് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. പുറമ്പോക്ക് ഭൂമി അളന്ന് തിട്ടപ്പെടുത്തി നല്കുന്നതിന് കത്ത് നല്കിയിട്ടുണ്ടെന്ന് മേൽ ഓഡിറ്റ് എൻക്വയറിക്ക് മറുപടി നല്കിയിട്ടുണ്ട്. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. 2019-20 വർഷം വരെ ആർജിച്ച ആസ്തികൾ മാത്രമേ ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ളു. ഗ്രാമ പഞ്ചായത്തിന്റെ അധീനതയിലുള്ള മുഴവൻ ആസ്തികളും അക്കൗണ്ട് ചെയ്യേണ്ടതും ആസ്തി സംരക്ഷിക്കുന്നതിനായി പ്രത്യേക ആസ്തി

സംരക്ഷണ പദ്ധതി തയ്യാറാക്കേണ്ടതുമാണ്.

## 1-27 ആറളം ഫാം എഫ് എച്ച് സി ക്ക് കമ്പ്യൂട്ടർ, സ്കാനർ, അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ - മൾട്ടി ഫങ്ഷൻ പ്രിന്ററുകൾ ലഭിച്ചില്ല - ₹ 40036 തിരികെ ഈടാക്കേണ്ടതാണ്.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, എഫ് എച്ച് സി, ആറളം. |
| പ്രോജക്ട് നമ്പർ, പേര് | 64/22, ആറളം ഫാം എഫ് എച്ച് സി ക്ക് കമ്പ്യൂട്ടർ, സ്കാനർ, അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ |
| അടങ്കൽ | ₹ 1,50,000 (സംരക്ഷണ ഫണ്ട്, റോഡിതരം) |
| ചെലവ് | ₹ 125836 |
| തുക, ബി ആർ എൻ നമ്പർ, തീയതി | ₹ 40036, 21220652013401126261, 15-2-22<br>₹ 85800, 21220652013401348933, 14-3-22 |

ആറളം ഫാം എഫ് എച്ച് സി ക്ക് കമ്പ്യൂട്ടർ, സ്കാനർ, അനുബന്ധ ഉപകരണങ്ങൾ വാങ്ങുന്നതി നായി തയ്യാറാക്കിയ മേൽ പ്രോജക്ടിൽ 2 മൾട്ടി ഫങ്ഷൻ പ്രിന്റർ വാങ്ങുന്നതിനായി 4-2-22 ന് കെൽട്രോൺ ലഭ്യമാക്കിയ TVM/ITBG/PI/RC /34521/20-21 നമ്പർ പ്രഫോർമ ഇൻവോയ്സിന്റെ അടിസ്ഥാനത്തിൽ ₹ 40036 കേരള സ്റ്റേറ്റ് ഐ ടി മിഷന്റെ അക്കൗണ്ടിലേക്ക് മുൻകൂറായി ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. പ്രിന്ററുകൾ ലഭ്യമാക്കാത്തതിന് എഫ് എച്ച് സി മെഡിക്കൽ ഓഫീസർ 22-8-22 ലെ 143/2022 നമ്പർ കത്ത് പ്രകാരം കെൽട്രോൺ മാനേജർക്ക് ഓർമ്മക്കുറിപ്പ് അയച്ചിട്ടുണ്ടെങ്കിലും പ്രിന്റർ ലഭിച്ചതിന്റെയും സ്റ്റോക്കിലെടുത്തതിന്റെയും രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. അപാകങ്ങൾ പരിഹരിക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (18/18-10-2022) 19-09-2022 ലെ KSEDC/ITBG/SM/0243/22-23 നമ്പർ പ്രകാരം കെൽട്രോണിന് വേണ്ടി മാനേജർ സ്ഥാപനത്തിലേക്ക് അയച്ച കത്ത് മുഖേന ഈ പ്രിന്ററുകളുടെ Price Validity 2022 മാർച്ചിൽ അവസാനിച്ചതിനാൽ സാധനങ്ങൾ ലഭ്യമാക്കാൻ കഴിയില്ല എന്നും തുക റീഫണ്ട് ചെയ്ത് തരുന്നതാണ് എന്നും അറിയിച്ചിട്ടുണ്ട് എന്നാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടുള്ളത്. ₹ 40036 തിരികെ ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-28 മരണശേഷവും പെൻഷൻ തുക അനുവദിച്ചു

ഡെത്ത് രജിസ്ട്രേഷൻ സമയത്ത് ആറളം ഗ്രാമപഞ്ചായത്തിൽ ഹാജരാക്കിയ രേഖകളോടൊപ്പം സമർപ്പിച്ച ആധാർ നമ്പർ സേവന വെബ്സൈറ്റിലെ പെൻഷൻ തിരച്ചിൽ സംവിധാനം മുഖേന പരിശോധന നടത്തിയപ്പോൾ ,താഴെ പറയുന്ന പെൻഷൻ ഗുണഭോക്താക്കൾ മരണപ്പെട്ട ശേഷവും അവരുടെ ബാങ്ക് അക്കൗണ്ടിലേക്ക് പെൻഷൻ തുക കൈമാറ്റം ചെയ്യപ്പെട്ടതായി ശ്രദ്ധയിൽ പെട്ടിട്ടുണ്ട്.

| ക്രമ നം | പേര് | ആധാർ നമ്പർ | പെൻഷണർ ഐഡി | രജിസ്ട്രേഷൻ നം &തീയതി | മരണപ്പെട്ട തീയതി | പെൻഷൻ | പെൻഷൻ വിതരണം ചെയ്തതിന്റെ വിവരങ്ങൾ |
|---|---|---|---|---|---|---|---|
| 1 | ജോർജ്ജ് | 626989340781 | 111760201116 | 110/21 Dt 10.11.21 | 18.10.2021 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 11/21, 12/21, 01/22 |
| 2 | ചിന്നമ്മജോസഫ് | 582473375493 | 111630202103 | 72/21 Dt 11.08.21 | 23.07.21 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 8/21 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം-26 തീയതി 19.10.2022) ലഭ്യമാക്കിയ മറുപടിയിൽ ക്രമ നമ്പർ ഒന്ന് പ്രകാരമുള്ള ശ്രീ. ജോർജ് എന്നവർക്ക് പേരാവൂർ ഗ്രാമ പഞ്ചായത്തിൽ നിന്നാണ് ക്ഷേമ പെൻഷൻ അനുവദിച്ച് വരുന്നതെന്നും ടിയാളുടെ അക്കൗണ്ടിലേക്ക് അനർഹമായി അയച്ച തുക തിരിച്ചടവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനായി പേരാവൂർ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിക്ക് കത്ത് നൽകിയിട്ടുണ്ടെന്നും ക്രമ നമ്പർ രണ്ട് പ്രകാരമുള്ള ശ്രീമതി.ചിന്നമ്മജോസഫ് എന്നവരുടെ അക്കൗണ്ടിലേക്ക് അനർഹമായി അയച്ച തുക തിരിച്ചടവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട് . അപാകത ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതും മരണശേഷം അനുവദിച്ച പെൻഷൻ തുക ബാങ്കിൽ നിന്നോ, അക്കൗണ്ടിലെ തുക അവകാശികൾ കൈപ്പറ്റിയിട്ടുണ്ടെങ്കിൽ അവരിൽ നിന്നോ തിരികെ ഈടാക്കി വിശദാംശങ്ങൾ ഓഡിറ്റിന് ഹാജരാക്കേണ്ടതുമാണ്.

## 1-29 ആറളം ഫാം എഫ് എച്ച് സി - യിലേക്ക് മരുന്ന് വാങ്ങൽ - മുഴുവൻ മരുന്നും ലഭിച്ചതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, എഫ് എച്ച് സി, ആറളം. |
| പ്രോജക്ട് നമ്പർ, പേര് | 63/22, ആറളം ഫാം എഫ് എച്ച് സി യിലേക്ക് മരുന്ന് വാങ്ങൽ |
| അടങ്കൽ | ₹ 4,00,000 (സംരക്ഷണ ഫണ്ട്, റോഡിതരം) |
| ചെലവ് | ₹ 4,00,000 |
| ബി ആർ എൻ നമ്പർ, തീയതി | 21220652013401232012, 2-3-22 |

ആറളം ഫാം എഫ് എച്ച് സി ക്ക് മരുന്ന് വാങ്ങുന്നതിനായി തയ്യാറാക്കിയ മേൽ പ്രോജക്ടിൽ 24-2-22 ലെ PRF 6169 നമ്പർ പ്രഫോർമ ഇൻവോയ്സിന്റെ അടിസ്ഥാനത്തിൽ കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന്റെ അക്കൗണ്ടിലേക്ക് ₹ 400000 മുൻകൂറായി ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. ₹ 186804 യുടെ മരുന്നുകൾ ലഭിച്ചതിന്റെ ഇൻവോയ്സുകൾ ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. ബാക്കി ₹ 213196യുടെ മരുന്ന് ലഭിച്ചതിന്റെ അസ്സൽ ഇൻവോയ്സുകൾ, മരുന്ന് വാങ്ങുന്നതിനായി ആവശ്യകത നിർണ്ണയിച്ചതിന്റെ രേഖകൾ, മുഴുവൻ മരുന്നും സ്റ്റോക്കിലെടുത്ത തിന്റെ രേഖകൾ, മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. രേഖകൾ ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (23/18-10-2022) ബാക്കി മരുന്നുകൾ ലഭ്യമാക്കാനായി നിരന്തരം ബന്ധപ്പെട്ടുകൊണ്ടിരിക്കുന്നുണ്ടെന്നും കേരളമൊട്ടാകെയുള്ള സ്ഥാപനങ്ങൾക്ക് മരുന്ന് ലഭ്യമാക്കേണ്ടതിനാലും Procurement Procedure ലെ കാലതാമസം മൂലവും ആണ് മരുന്നുകൾ ലഭ്യമാക്കാൻ വൈകുന്നത് എന്നും ബാക്കിയുള്ള മരുന്നുകൾ എത്രയും വേഗം ലഭ്യമാക്കി അസ്സൽ ഇൻവോയ്സുകളും മറ്റ് രേഖകളും പരിശോധനയ്ക്ക് ലഭ്യമാക്കുമെന്നുമാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടുള്ളത്. അപാകങ്ങൾ പരിഹരിച്ച് വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-30 സമഗ്ര വൃദ്ധജന ആരോഗ്യ പരിപാലനം - ₹ 200000 യുടെ മരുന്ന് ലഭിച്ചിട്ടില്ല.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, സി എച്ച് സി, ആറളം ഗ്രാമ പഞ്ചായത്ത്. |
| പ്രോജക്ട് നമ്പർ, പേര് | 86/22, സമഗ്ര വൃദ്ധജന ആരോഗ്യ പരിപാലനം |
| അടങ്കൽ | ₹ 300000 (വികസന ഫണ്ട്, ജനറൽ) |
| ചെലവ്, ബിൽ/ചെക്ക് നമ്പർ, തീയതി | ₹ 272265,<br>₹ 44065, 21220652009500960305, 17-1-22<br>₹ 200000, 21220652009500674547, 19-11-21<br>₹ 28200, 21220652009501520419, 30-3-22 |

സമഗ്ര വൃദ്ധജന ആരോഗ്യ പരിപാലനത്തിന്റെ ഭാഗമായി വൃദ്ധജനങ്ങൾക്ക് മരുന്ന്, ഗ്ലൂക്കോമീറ്റർ ടെസ്റ്റ് സ്ട്രിപ്പ് എന്നിവ വാങ്ങുന്നതിനാണ് പ്രോജക്ട് തയ്യാറാക്കിയിട്ടുള്ളത്. 3-11-21 ലെ PRF 3173 നമ്പർ പ്രഫോർമ ഇൻവോയ്സിന്റെ അടിസ്ഥാനത്തിൽ ₹ 200000 കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന്റെ അക്കൗണ്ടിലേക്ക് (അക്കൗണ്ട് നമ്പർ 3624001800000019, പഞ്ചാബ് നാഷണൽ ബാങ്ക്) ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. പ്രോജക്ടിന്റെ പകർപ്പ്, മരുന്ന്/ഉപകരണത്തിന്റെ ഇന്റന്റ്, മരുന്ന് ലഭിച്ചതിന്റെ അസ്സൽ ബില്ലുകൾ, സ്റ്റോക്ക് രജിസ്റ്റർ, മോണിറ്ററിംഗ് റിപ്പോർട്ട്

എന്നിവ ഫയലിൽ സൂക്ഷിച്ചിട്ടില്ല. ചെലവുമായി ബന്ധപ്പെട്ട മുഴുവൻ രേഖകളും പരിശോധനയ്ക്ക് ലഭ്യമാക്കാൻ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മരുന്നുകൾ ലഭിക്കുന്ന മുറയ്ക്ക് രേഖകളും പരിശോധനയ്ക്ക് ഹാജരാക്കുമെന്നാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ഹാജരാക്കിയിട്ടുള്ളത്. മരുന്നുകൾ അടിയന്തിരമായി ലഭ്യമാക്കാൻ സത്വര നടപടികൾ സ്വീകരിക്കേണ്ടതും പ്രോജക്ടുമായി ബന്ധപ്പെട്ട മുഴുവൻ രേഖകളും പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്.

## 1-31 സാന്ത്വന പരിചരണം - ₹ 170000 യുടെ മരുന്ന് നാളിതുവരെയായി ലഭ്യമായിട്ടില്ല.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, സി എച്ച് സി, ആറളം ഗ്രാമ പഞ്ചായത്ത്. |
| പ്രോജക്ട് നമ്പർ, പേര് | 61/22, സാന്ത്വന പരിചരണം |
| അടങ്കൽ | ₹ 650000 (വികസന ഫണ്ട്, ജനറൽ) |
| ചെലവ്, ബിൽ/ചെക്ക് നമ്പർ, തീയതി | ₹ 571816,<br>₹ 66100, 21220652009500122037, 15-6-21<br>₹ 39850, 21220652009500238840, 27-7-21<br>₹ 72980, 21220652009500479408, 23-9-21<br>₹ 170000, 21220652009500558805, 26-10-21<br>₹ 39650, 21220652009500573059, 28-10-21<br>₹ 39490, 21220652009500800285, 17-12-21<br>₹ 39830, 21220652009501080969, 8-2-22<br>₹ 57360, 21220652009501317130, 14-3-22<br>₹ 46556, 21220652009501520397, 30-3-22 |

സാന്ത്വന പരിചരണ പ്രവർത്തനത്തിന്റെ ഭാഗമായി ഗ്രാമ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ ഹോം കെയർ വിസിറ്റ് നടത്തുന്നതിനായി തയ്യാറാക്കിയ പ്രോജക്ടിൽ ഹോംകെയർ വിസിറ്റ് നടത്തിയതിന്റെ വാഹനവാടകയിനത്തിലും മരുന്ന്, ഉപകരണങ്ങൾ എന്നിവ വാങ്ങുന്നതിനും ഹോം കെയർ ടീമിന്റെ ഭക്ഷണച്ചെലവിനുമാണ് തുക ചെലവഴിച്ചിട്ടുള്ളത്. 16-10-21 ലെ PRF 2746 നമ്പർ പ്രഫോർമ ഇൻവോയ്സിന്റെ അടിസ്ഥാനത്തിൽ ₹ 170000 കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന്റെ അക്കൗണ്ടിലേക്ക് (അക്കൗണ്ട് നമ്പർ 3624001800000019, പഞ്ചാബ് നാഷണൽ ബാങ്ക്) ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് തുക കൈമാറിയത് എന്തിനാണെന്ന് വ്യക്തമല്ല. മരുന്ന്/ഉപകരണങ്ങൾ വാങ്ങുന്നതിനാണെങ്കിൽ അതുമായി ബന്ധപ്പെട്ട രേഖകളൊന്നും ഫയലിൽ സൂക്ഷിച്ചിട്ടില്ല (പ്രോജക്ടിന്റെ പകർപ്പ്, മരുന്ന്/ഉപകരണത്തിന്റെ ഇന്റന്റ്, മരുന്ന് ലഭിച്ചതിന്റെ അസ്സൽ ബില്ലുകൾ, സ്റ്റോക്ക് രജിസ്റ്റർ, മോണിറ്ററിംഗ് റിപ്പോർട്ട്). ചെലവുമായി ബന്ധപ്പെട്ട മുഴുവൻ രേഖകളും പരിശോധനയ്ക്ക് ലഭ്യമാക്കാനായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (28/19-10-22) മരുന്നും ഉപകരണങ്ങളും വാങ്ങുന്നതിനായാണ് കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് തുക മുൻകൂർ നൽകിയതെന്നും ആയത് നാളിതുവരെയായി ലഭ്യമായിട്ടില്ലെന്നും ലഭിക്കുന്ന മുറയ്ക്ക് മുഴുവൻ രേഖകളും ഓഡിറ്റിന് സമർപ്പിക്കാമെന്നും മെഡിക്കൽ ഓഫീസർ അറിയിച്ചിട്ടുണ്ട്. മുൻകൂർ തുക നൽകി നാളിതുവരെയായിട്ടും അവശ്യമരുന്നുകൾ ലഭിക്കാത്ത സാഹചര്യം ഭരണസമിതിയുടെ ശ്രദ്ധയിൽപെടുത്തുന്നു. മരുന്ന് ലഭ്യമാക്കാൻ സത്വര നടപടികൾ സ്വീകരിക്കേണ്ടതും ലഭിച്ചതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്.

1-32 ഗവ. ഹൈസ്കൂൾ, ആറളം ഫാമിന് എസ് പി സി വിഹിതം നൽകൽ - സർക്കാർ ഉത്തരവിന് വിരുദ്ധമായി വികസന ഫണ്ടിൽ നിന്നും തുക ചെലവഴിച്ചു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ് മാസ്റ്റർ, ഗവ.എൽ പി സ്കൂൾ, ഇടവേലി |
| പ്രോജക്ട് നമ്പർ, പേര് | 74/22, ഗവ. ഹൈസ്കൂൾ, ആറളം ഫാമിന് എസ് പി സി വിഹിതം നൽകൽ |
| അടങ്കൽ | ₹ 50,000 (വികസന ഫണ്ട്, ജനറൽ) |
| ചെലവ് | ₹ 50000 |
| ബി ആർ എൻ നമ്പർ, തീയതി | ₹ 21220652010001248739, 4-3-22 |

ഗവ. ഹൈസ്കൂൾ, ആറളം ഫാമിന് എസ്.പി.സി വിഹിതം നൽകുന്നതിനായി തയ്യാറാക്കിയ മേൽ പ്രോജക്ടിൽ വികസന ഫണ്ടിൽ നിന്നും ₹ 50000 ഹൈസ്കൂളിന്റെ അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുകയും ഹെഡ്മിസ്ട്രസ്സ് തുക കൈപ്പറ്റുകയും ചെയ്തിട്ടുണ്ട്. പദ്ധതി പ്രകാരമുള്ള ചെലവിന്റെ വിശദ വിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | ഇനം | വാങ്ങൽ നടത്തിയ സ്ഥാപനം | ഇൻവോയ്സ് നമ്പർ, തീയതി | തുക ₹ |
|---|---|---|---|---|
| 1 | ടീ-ഷേർട്ട്, ടീ-പാന്റ്, സോക്സ് | Amigo Unizon, മലപ്പുറം | PF-21/22-02,16-11-21(ഒറിജിനൽ ഇൻവോയ്സ് ഇല്ല) | 29500 |
| 2 | മെറ്റൽ ബോർഡ് | ഹൈടെക് അലൂമിനിയം ഫാബ്രിക്കേഷൻ, കീഴ്പള്ളി | 303/6-10-21 | 6500 |
| 3 | പെയിന്റ് | കുളത്തിങ്കൽ ഹാർഡ്‌വേർസ് | 769/8-10-21 | 1220 |
| 4 | മെറ്റൽ പ്രൈമർ, തിന്നർ | | 775/9-10-21 | 880 |
| 5 | ബോർഡ് എഴുത്ത് കൂലി | പി രാധാകൃഷ്ണൻ | വൗച്ചർ | 1500 |
| 6 | ഗ്ലാസ്സ്, പ്ലേറ്റ് (സ്റ്റീൽ) | സിയ സൂപ്പർഷോപ്പ്, കാക്കയങ്ങാട് | 84/27-10-21 | 10400 |

ഇതിൽ പി രാധാകൃഷ്ണൻ എന്ന വ്യക്തി ബോർഡ് എഴുത്ത് കൂലിയിനത്തിൽ ₹1550 കൈപ്പറ്റിയതിന്റെ രശീത് മാത്രമാണ് ഫയലിൽ സൂക്ഷിച്ചിട്ടുള്ളത്. ബാക്കിയുള്ള യഥാർത്ഥ ഗുണഭോക്താക്കൾ തുക കൈപ്പറ്റിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ സ.ഉ(സാധാ) 3/2012/LSGD, തീയതി 2-1-12 ഉത്തരവ് പ്രകാരം ഗ്രാമ പഞ്ചായത്തിന് സ്റ്റുഡന്റ് കേഡറ്റ് പദ്ധതി നടപ്പിലാക്കുന്ന സ്കൂളുകൾക്ക് അവരുടെ തനതുഫണ്ടിൽ നിന്നും ഒരു വർഷം ₹ 50000 ൽ കവിയാത്ത തുക പഞ്ചായത്ത് തീരുമാനത്തിന് വിധേയമായി ചെലവഴിക്കാൻ അനുമതി നൽകിയിട്ടുണ്ട്. ഇതിനു വിരുദ്ധമായി വികസന ഫണ്ടിൽ നിന്നാണ് മേൽ പദ്ധതിയിൽ തുക ചെലവഴിച്ചിട്ടുള്ളത്. ആയതിന് അടിസ്ഥാനമായ സർക്കാർ ഉത്തരവ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. അപാകങ്ങൾക്ക് വിശദീകരണം ലഭ്യമാക്കാൻ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (33/19-10-2022) സാംഖ്യയിൽ വരുന്ന ബില്ല് ശ്രദ്ധിക്കാതെയാണ് കഴിഞ്ഞ വർഷം പാസ്സാക്കിയതെന്നും ഈ വർഷം മുതൽ ശ്രദ്ധയോടെ തനതുഫണ്ടിൽ നിന്നും ചെലവഴിക്കാമെന്നും പിഴവുകൾ ആവർത്തിക്കില്ലെന്നുമാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടുള്ളത്. ഉത്തരവിനു വിരുദ്ധമായി വികസന ഫണ്ടിൽ നിന്നും തുക ചെലവഴിച്ചതിന് സർക്കാരിൽ നിന്നും അനുമതി വാങ്ങേണ്ടതും യഥാർത്ഥ ഗുണഭോക്താക്കൾ തുക കൈപ്പറ്റിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്.

## 1-33 ചെറുധാന്യക്കൃഷിക്ക് കൂലിച്ചെലവ് സബ്സിഡി - ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്ത വ്യക്തികൾക്ക് സബ്സിഡി അനുവദിച്ചു - ₹ 21600 തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ |
| പ്രോജക്റ്റ് നമ്പർ, പേര് | 46/22, ചെറുധാന്യ കൃഷിക്ക് കൂലിച്ചെലവ് സബ്സിഡി |
| അടങ്കൽ | ₹ 27000 (വികസന ഫണ്ട്, ജനറൽ)<br>₹ 27000 (ഗുണഭോക്തൃ വിഹിതം) |
| ചെലവ് | ₹ 27000 (വികസന ഫണ്ട്, ജനറൽ) |
| ബി ആർ എൻ നമ്പർ, തീയതി | 2122065201270141590, 16-02-22 |

2021-22 വർഷം കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ ചെറുധാന്യക്കൃഷിക്ക് കൂലിച്ചെലവ് സബ്സിഡി എന്ന പ്രോജക്ടിൽ 3 ഗുണഭോക്താക്കൾക്ക് താഴെ പറയും പ്രകാരം കൂലിച്ചെലവ് അനുവദിച്ചിട്ടുണ്ട്.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | അനുവദിച്ച തുക ₹ |
|---|---|---|
| 1 | ടോമി കെ ജെ, കുടുക്കശ്ശേരി | 10800 |
| 2 | സിജു ജോർജ്ജ് | 10800 |
| 3 | ലക്ഷ്മി കെ കെ | 5400 |

ഇതിൽ ലക്ഷ്മി കെ കെ മാത്രമേ ഗ്രാമ പഞ്ചായത്ത് അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളൂ. മറ്റ് രണ്ടുപേരെ ഗ്രാമസഭ അംഗീകരിച്ചതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കാൻ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (19/18-10-22) മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകളുടെയും വിശദീകരണത്തിന്റെയും അഭാവത്തിൽ ഈ രണ്ടുപേർക്കും അനുവദിച്ച ₹ 21600 തടസ്സപ്പെടുത്തുന്നു.

## 1-34 തരിശു സ്ഥലത്ത് കരനെൽ കൃഷി - ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്ത വ്യക്തികൾക്ക് സബ്സിഡി അനുവദിച്ചു - ചെലവുതുക ₹ 350000 തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ |
| പ്രോജക്റ്റ് നമ്പർ, പേര് | 62/22, തരിശു സ്ഥലത്ത് കരനെൽ കൃഷി |
| അടങ്കൽ | ₹ 350000 (വികസന ഫണ്ട്, ടി എസ് പി)<br>₹ 350000 (മറ്റുള്ളവ) |
| ചെലവ് | ₹ 350000 (വികസന ഫണ്ട്, ടി എസ് പി) |
| ബി ആർ എൻ നമ്പർ, തീയതി | 2122065201270141581, 14-02-22 |

2021-22 വർഷം കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ തരിശു സ്ഥലത്ത് കരനെൽ കൃഷി എന്ന പ്രോജക്ടിൽ 16 ഗുണഭോക്താക്കൾക്ക് കൂലിച്ചെലവ് അനുവദിച്ചിട്ടുണ്ട്. അതിൽ താഴെപ്പറയുന്ന ഗുണഭോക്താക്കൾ ഗ്രാമ പഞ്ചായത്ത് അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | അനുവദിച്ച തുക |
|---|---|---|
| 1 | നിർമ്മല | 14000 |
| 8 | ശശി ഗോപി | 7000 |
| 16 | സുകന്യ ബാലൻ | 14000 |

മേല്പറഞ്ഞ വ്യക്തികൾ അഡീഷണൽ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ലഭ്യമാക്കുന്നതിനും അല്ലാത്തപക്ഷം ഗ്രാമസഭ അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്ത വ്യക്തികൾക്ക് സബ്സിഡി അനുവദിച്ചതിന് വിശദീകരണം ലഭ്യമാക്കുന്നതിനുമായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (20/18-10-22) മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകളുടെയും വിശദീകരണത്തിന്റെയും അഭാവത്തിൽ ചെലവുതുക ₹350000

തടസ്സപ്പെടുത്തുന്നു.

## 1-35 ക്ഷീര കർഷകർക്ക് ഉല്പാദന ബോണസ് - ഗുണഭോക്താക്കൾക്ക് അർഹമായ ആനുകൂല്യം ലഭ്യമായിട്ടില്ല.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഡയറി എക്സ്റ്റെൻഷൻ ഓഫീസർ |
| പ്രോജക്ടിന്റെ നമ്പരും പേരും | 10/22 ക്ഷീര കർഷകർക്ക് ഉല്പാദന ബോണസ് |
| അടങ്കൽ | ₹5,00,000 വികസന ഫണ്ട്(പൊതു വിഭാഗം)<br>₹10,30,000 ബ്ലോക്ക് പഞ്ചായത്ത് വിഹിതം<br>₹1,93,583 ജില്ലാ പഞ്ചായത്ത് വിഹിതം<br>ആകെ ₹17,23,583 |
| ചെലവ് | ₹5,00,000 വികസന ഫണ്ട്(പൊതു വിഭാഗം),<br>ബിൽ നം. 1/30-10-2021<br>₹8,86,743 ബ്ലോക്ക് പഞ്ചായത്ത് വിഹിതം<br>(ബിൽ നം. 2/08-11-2021, ₹5,74,606<br>ബിൽ നം. 4/09-11-2021, ₹3,12,137)<br>₹1,93,583 ജില്ലാ പഞ്ചായത്ത് വിഹിതം<br>ബിൽ നം. 3/11-11-2021 |

14-02-2018 ലെ സർക്കാർ ഉത്തരവ് (കൈ) നം-22/2018/ത.സ്വ.ഭ.വ പ്രകാരം പുറപ്പെടുവിച്ച സബ്സിഡി-ധനസഹായം-അനുബന്ധ വിഷയങ്ങൾ സംബന്ധിച്ച മാർഗരേഖയിലെ ഖണ്ഡിക 6-2 (8) പ്രകാരം 40,000 രൂപ വാർഷിക പരിധിക്ക് വിധേയമായി, കർഷകർ ക്ഷീര സംഘത്തിൽ നല്കുന്ന ഒരു ലിറ്റർ പാലിന് 4 രൂപ നിരക്കിൽ (ക്ഷീര വികസന വകുപ്പ് നല്കുന്ന ഒരു രൂപ ഉൾപ്പെടെ) സബ്സിഡി അനുവദിക്കാവുന്നതാണ്. എന്നാൽ മേൽ പ്രോജക്ട് പ്രകാരം ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ട ക്ഷീരകർഷകർക്ക് 2021 ഏപ്രിൽ മുതൽ ആഗസ്റ്റ് വരെയുള്ള കാലയളവിലെ സബ്സിഡി മാത്രമാണ് അനുവദിച്ചിട്ടുള്ളത്. ഗുണഭോക്താക്കൾക്ക് അർഹമായ മുഴുവൻ സബ്സിഡിയും ലഭ്യമാകാത്തത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 10/15-10-2022) ഫണ്ടില്ലാത്തതിനാലാണ് അർഹമായ മുഴുവൻ സബ്സിഡിയും അനുവദിക്കാൻ സാധിക്കാതിരുന്നത് എന്നാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി നല്കിയിട്ടുള്ളത്. ഗുണഭോക്താക്കൾക്ക് അർഹമായ മുഴുവൻ സബ്സിഡിയും ലഭ്യമാക്കാൻ ആവശ്യമായ തുക പ്രോജക്ടിൽ ഉൾപ്പെടുത്താൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

## 1-36 കുഴൽ കിണർ കുഴിക്കാൻ ഭൂജല വകുപ്പിൽ തുക ഡെപ്പോസിറ്റ് ചെയ്യൽ - പ്രവൃത്തി പൂർത്തിയായിട്ടില്ല.

കുഴൽ കിണർ കുഴിക്കുന്നതിനും മോട്ടോർ സ്ഥാപിക്കുന്നതിനുമായി താഴെ പറയുന്ന പ്രവൃത്തികൾക്കായി ഭൂജല വകുപ്പിൽ തുക ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. വിശദ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ പേര് | അടങ്കൽ | ചെലവ് | വൗച്ചർ നമ്പർ, തീയതി |
|---|---|---|---|---|
| 1 | 259/22, വട്ടപ്പറമ്പ് അങ്കണ വാടിക്ക് കുഴൽ കിണർ നിർമ്മാണവും, മോട്ടോർ സ്ഥാപിക്കലും | 2,00,000 ധനകാര്യ കമ്മീഷൻ അവാർഡ് | 63,000 | 22101501, 31-03-2022 |
| 2 | 186/22 , ചതിരൂർ സി-27, വാളത്തോട് സി-26 അങ്കണവാടികൾക്ക് കുഴൽ കിണർ | 100,000 ധനകാര്യ കമ്മീഷൻ | 83,000 | 9800568440 27-10-21 |

| | | | | |
|---|---|---|---|---|
| | നിർമ്മാണം | അവാർഡ് | | |

മേൽ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ടോ എന്നറിയിക്കണമെന്നാവശ്യപ്പെട്ട് കൊണ്ടുള്ള ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ- 31/19.10.2022) പ്രോജക്ട് നമ്പർ 259/22 പ്രകാരമുള്ള പ്രവൃത്തിയും, പ്രോജക്ട് നമ്പർ 186/22 പ്രകാരമുള്ള പ്രവൃത്തിയിൽ വാളത്തോട് സി-26 അങ്കണവാടിക്ക് കുഴൽ കിണർ നിർമ്മാണം എന്ന പ്രവൃത്തിയും പൂർത്തിയായിട്ടില്ലെന്നും ചതിരൂർ സി-27 അങ്കണ വാടിക്ക് കുഴൽ കിണർ നിർമ്മാണം എന്ന പ്രവൃത്തി പൂർത്തിയായിട്ടുണ്ടെങ്കിലും പൂർത്തീകരണ പത്രവും വിനിയോഗ സാക്ഷ്യപത്രവും ലഭ്യമായിട്ടില്ലെന്നും മറുപടി നല്കിയിട്ടുണ്ട്. മേൽ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനായി അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതും പൂർത്തീകരണ പത്രം വിനിയോഗ സാക്ഷ്യപത്രം എന്നിവ പരിശോധനക്കായി ലഭ്യമാക്കേണ്ടതുമാണ്.

## 1-37 ഇടവേലി ഗവ.എൽ പി സ്കൂളിന് വിസ്മയച്ചുമർ - പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട രേഖകൾ ലഭ്യമാക്കിയിട്ടില്ല - ₹ 74900 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ്മാസ്റ്റർ, ഗവ.എൽ പി സ്കൂൾ, ഇടവേലി |
| പ്രോജക്ട് നമ്പർ, പേര് | 82/22, ഇടവേലി ഗവ.എൽ പി സ്കൂളിന് വിസ്മയച്ചുമർ |
| അടങ്കൽ | ₹ 75,000 (സംരക്ഷണ ഫണ്ട്, റോഡിതരം) |
| ചെലവ് | ₹ 74900 |
| ബി ആർ എൻ നമ്പർ, തീയതി | ₹ 21220652010001248915, 4-3-22 |

ആറളം ഗ്രാമപഞ്ചായത്തിലെ ഇടവേലി ഗവ.എൽ പി സ്കൂളിലെ ചുമരുകളിൽ വിസ്മയചിത്രങ്ങൾ വരക്കുന്നതിനായി തയ്യാറാക്കിയ മേൽ പ്രോജക്ടിൽ 4 പേർ സമർപ്പിച്ച ടെണ്ടറുകളിൽ സ്ക്വയർ ഫീറ്റിന് ₹ 52 നിരക്കിലുള്ള ശ്രീ. ശശീന്ദ്രൻ, ചായം ആർട്സ്, ഇരിട്ടി എന്ന വ്യക്തിയുടെ ടെണ്ടർ അംഗീകരിച്ചിട്ടുണ്ട്. ഇത് പ്രകാരം സ്കൂളിൽ 1442 ചതുരശ്രയടി ചിത്രം വരച്ചതിന്റെ ചെലവിനത്തിൽ ₹ 74900 കരാറുകാരന് നൽകിയിട്ടുണ്ട് (ചായം ആർട്സിന്റെ 26-2-2022 ലെ 155ാം നമ്പർ ബിൽ). പ്രോജക്ട് നിർവ്വഹണത്തിലെ അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

1. 4 പേർ ടെണ്ടർഫോറം സമർപ്പിച്ചിട്ടുണ്ടെങ്കിലും ടെണ്ടർ നോട്ടീസ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

2. ടെണ്ടർ നടപടികളിൽ പങ്കെടുത്ത ആളുകളുടെ എണ്ണം, ക്വാട്ട് ചെയ്ത തുക എന്നിവ വ്യക്തമാക്കുന്ന കമ്പാരറ്റീവ് സ്റ്റേറ്റ്മെന്റ് ഹാജരാക്കിയിട്ടില്ല.

3. ചുമർ ചിത്രം വരയ്ക്കൽ പൂർത്തിയായതായി സ്കൂൾ ഹെഡ്മാസ്റ്റർ സാക്ഷ്യപത്രം സമർപ്പിച്ചിട്ടില്ല. അസിസ്റ്റന്റ് എഞ്ചിനീയറുടെ വാല്യുവേഷൻ സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ നൽകിയ തുകയ്ക്ക് അനുസരിച്ചുള്ള പ്രവൃത്തി നടന്നിട്ടുണ്ടെന്ന് വ്യക്തമല്ല.

4. മോണിറ്ററിംഗ് റിപ്പോർട്ട്, ചിത്രം വര പൂർത്തിയായതിനു ശേഷമുള്ള സ്കൂളിന്റെ ഫോട്ടോ എന്നിവ ലഭ്യമാക്കിയിട്ടില്ല.

അപാകങ്ങൾ പരിഹരിക്കുന്നതിനായി നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (34/19-10-2022) ഹെഡ്മാസ്റ്റർ തയ്യാറാക്കിയ പൂർത്തീകരണ സാക്ഷ്യപത്രം മാത്രമാണ് ലഭ്യമാക്കിയിട്ടുള്ളത്. മറ്റ് രേഖകളുടെ അഭാവത്തിൽ ₹ 74900- യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-38 ഇടവേലി ഗവ. എൽ പി സ്കൂളിന് ഫോട്ടോസ്റ്റാറ്റ് മെഷീൻ വാങ്ങൽ -രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല - ₹74900 തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ് മാസ്റ്റർ, ഗവ.എൽ പി സ്കൂൾ, ഇടവേലി |
| പ്രോജക്ട് നമ്പർ, പേര് | 74/22, ഇടവേലി ഗവ. എൽ പി സ്കൂളിന് ഫോട്ടോസ്റ്റാറ്റ് മെഷീൻ വാങ്ങൽ |
| അടങ്കൽ | ₹ 75,000 (സംരക്ഷണ ഫണ്ട്, റോഡിതരം) |
| ചെലവ് | ₹ 74900 |
| ബി ആർ എൻ നമ്പർ, തീയതി | ₹ 21220652010001458485, 25-3-22 |

ഇടവേലി ഗവ. എൽ പി സ്കൂളിന് പൊതു മാർക്കറ്റിൽ നിന്നും ക്വട്ടേഷൻ/ ടെണ്ടർ വഴി ഫോട്ടോസ്റ്റാറ്റ് മെഷീൻ വാങ്ങുന്നതിനാണ് മേൽ പ്രോജക്ട് തയ്യാറാക്കിയിട്ടുള്ളത്. കോർപ്പറേറ്റ് ബിസിനസ് സൊല്യൂഷൻസ്, കണ്ണൂർ എന്ന സ്ഥാപനത്തിൽ നിന്നും ഫോട്ടോസ്റ്റാറ്റ് മെഷീൻ വാങ്ങിയതിന്റെ ബില്ലും (ഇൻവോയ്സ് നമ്പർ 2021-22/KNR/923, 22-3-22) ഇവരുടെ യൂണിയൻ ബാങ്ക് അക്കൗണ്ടിലേയ്ക്ക് (അക്കൗണ്ട് നമ്പർ361701010320680) ₹ 74900 ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തതിന്റെ വിവരവും മാത്രമാണ് ഫയലിൽ സൂക്ഷിച്ചിട്ടുള്ളത്. പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

1.ഗവ. എൽ പി സ്കൂളിന് ₹ 74900 യുടെ ഫോട്ടോസ്റ്റാറ്റ് മെഷീൻ വാങ്ങുന്നതിന്റെ ആവശ്യകത നിർണ്ണയിച്ചിട്ടില്ല.

2.സ.ഉ.(പി) 7/19/SPD, തീയതി 26-4-2019 പ്രകാരം എല്ലാ സർക്കാർ വകുപ്പുകളും ₹ 25,000 ക്ക് മുകളിലുള്ള സാധനങ്ങളും സേവനങ്ങളും നിർബന്ധമായും ജെം മുഖേന സമാഹരിക്കണം എന്ന ഉത്തരവ് പാലിച്ചതിന്റെ രേഖകൾ ഫയലിൽ ലഭ്യമല്ല.

3.പൊതുമരാമത്ത് ഇലക്ട്രോണിക്സ് വിഭാഗത്തിൽ നിന്ന് സ്പെസിഫിക്കേഷൻ നിശ്ചയിച്ചതിന്റെ രേഖകൾ ഇല്ല.

4.പൊതുമാർക്കറ്റിൽ നിന്നും വാങ്ങിയത് ക്വട്ടേഷൻ വഴിയാണോ എന്ന് വ്യക്തമല്ല. ഫോട്ടോസ്റ്റാറ്റ് മെഷീൻ വാങ്ങിയതിന്റെ ഇൻവോയ്സ് മാത്രമാണ് ഫയലിൽ ഉള്ളത്.

5.പർച്ചേസിംഗ് കമ്മിറ്റി മിനുട്സിൽ വാങ്ങൽ സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല.

6.ലഭിച്ച മെഷീന്റെ സ്പെസിഫിക്കേഷൻ, ഗുണമേന്മ എന്നിവ ക്ഷമതയുള്ള ഉദ്യോഗസ്ഥൻ പരിശോധിച്ചതിന്റെ റിപ്പോർട്ട്, ഇൻസ്റ്റലേഷൻ റിപ്പോർട്ട്, പൂർത്തീകരണ സാക്ഷ്യപത്രം, മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ ഫയലിൽ ലഭ്യമല്ല.

അപാകങ്ങൾ പരിഹരിക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (39/20.10.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. ആയത് പരിഹരിക്കുന്നതുവരെ ₹ 74900 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-39 പെരുമ്പഴശ്ശി കളപ്പുര നിർമ്മാണം- വസ്തുതകൾ എം ബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്

നിർവ്വഹണ ഉദ്യോഗസ്ഥൻ : അസിസ്റ്റന്റ് എൻജിനീയർ

പ്രൊജക്ട് നമ്പർ : 26/22

പ്രൊജക്ടിന്റെ പേര് : പെരുമ്പഴശ്ശി കളപ്പുര നിർമ്മാണം

അടങ്കൽ : ₹100000/-

ചെലവ് തുക : ₹91450/-(ബിൽ. നം. 37/22)

കരാറുകാരൻ :സെബാസ്റ്റ്യൻ വാതല്ലൂർ

MB.NO. 07/21-22

പ്രസ്തുത പ്രവർത്തിയിൽ താഴെപ്പറയുന്ന ഇനങ്ങൾ ചെയ്തിട്ടുണ്ട്

Item (1) Page .1- Dismantling Door Windows And Clerestary Windows ( Steel Or Wood) ....(15.2)- Window Shutters - 8 Each

എന്നാൽ ആയത് ചെയ്തതിന്റെയോ പിന്നീട് ഉപയോഗപ്പെടുത്തിയതിന്റെയോ അല്ലെങ്കിൽ ലേലം ചെയ്തതിന്റെ വിവരങ്ങൾ ലഭ്യമല്ല. ഇതുമായി ബന്ധപ്പെട്ട നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ലഭ്യമാക്കിയ മറുപടിയിൽ മേൽ വസ്തുക്കൾ ദ്രവിച്ചുപോയതാണ് എന്നാണ് പറഞ്ഞിരിക്കുന്നത്. എന്നാൽ ഇതുമായി ബന്ധപ്പെട്ട യാതൊരു രേഖപ്പെടുത്തലുകളും എം ബുക്കിൽ ഉള്ളതായി കാണുന്നില്ല. ഭാവിയിൽ ഇത്തരം വസ്തുതകൾ എം ബുക്കിൽ രേഖപ്പെടുത്തേണ്ടതാണ് .

## 1-40 ഐ.കെ.എമ്മിന് വിഹിതം നല്കൽ - വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ടിന്റെ നമ്പരും പേരും | 13/22 ഐ.കെ.എമ്മിന് വിഹിതം നല്കൽ |
| അടങ്കൽ | ₹ 1,40,000 വികസനഫണ്ട് (ജനറൽ) |
| ചെലവ് | ₹ 1,40,000 |
| ബിൽ നമ്പർ& തീയ്യതി | 2009800130832, 18-062021 |

മേൽ പ്രോജക്ട് പ്രകാരം 2021-22 സാമ്പത്തിക വർഷത്തെ ഗ്രാമ പഞ്ചായത്തിന്റെ വിഹിതമായി ₹ 1,40,000 ഐ.കെ.എമ്മിന് കൈമാറിയിട്ടുണ്ട്. ഈ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ഇതേവരെ ലഭ്യമായിട്ടില്ല.

ഐ.കെ.എമ്മിൽ നിന്ന് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

### 1-41 ഹോമിയോ മരുന്നുകൾ പൂർണ്ണമായി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, ഹോമിയോ |
| പ്രോജക്ടിന്റെ നമ്പരും പേരും | 77/22 ആറളം ഫാം ഹോമിയോ ആശുപത്രി, വീർപ്പാട് ഹോമിയോ ഡിസ്പെൻസറി എന്നിവയിലേക്ക് മരുന്ന് വാങ്ങൽ |
| അടങ്കൽ | ₹600000 റോഡിതര സംരക്ഷണഗ്രാന്റ് |
| ചെലവ് | ₹600000റോഡിതര സംരക്ഷണഗ്രാന്റ് |
| ബിൽ നമ്പർ,തീയതി | 1/2021-22, 14-02-2022 |

ആറളം ഫാം ഹോമിയോ ആശുപത്രി, വീർപ്പാട് ഹോമിയോ ഡിസ്പെൻസറി എന്നിവയിലേക്ക് മരുന്ന് വാങ്ങൽ എന്ന മേൽപദ്ധതി പ്രകാരം മരുന്ന് വാങ്ങുന്നതിനായി ₹600000 മുകളിൽ കൊടുത്ത പ്രകാരം ഹോംകോക്ക് കൈമാറിയിട്ടുണ്ട്. എന്നാൽ ₹100000 യുടെ (ഇൻവോയ്സ് നം-LF.709,തീയതി 16-09-2022) മരുന്നുകൾ മാത്രമേ ലഭ്യമായിട്ടുള്ളൂ. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (9/14-10-2022) മരുന്നുകൾ ലഭ്യമാക്കുന്നതിനായി ഹോംകോയെ കത്ത് മുഖേനയും ഫോൺ മുഖേനയും ബന്ധപ്പെട്ടിട്ടുണ്ടെന്നും, നിലവിൽ ഇൻഡന്റ് ചെയ്യപ്പെട്ട സ്ഥാപനങ്ങളെ പ്രയോറിറ്റി ലിസ്റ്റിൽ ഉൾപ്പെടുത്തി അതിൻ പ്രകാരം മരുന്നുകൾ അയക്കുന്നതാണ് എന്ന നടപടികുറിപ്പ് ഹോംകോ പ്രസിദ്ധീകരിച്ചിട്ടുണ്ടെന്നും മറുപടി നല്കിയിട്ടുണ്ട്. ഹോമിയോ മരുന്നുകൾ പൂർണ്ണമായി ലഭ്യമാക്കി വിവരം അറിയിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2021-22 | 15-10-2022, 16-10-2022 | കെ.എസ്.എ./കെ.എൻ.ആർ./സി.10 /1496/2022 തീയതി: 13.01.2023 |

### 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| ഇരിട്ടി ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 200000 | ലൈഫ് മിഷന് ഭവന പദ്ധതി (പ്രോജക്ട് നം-174/22) | 200000 | 0 |
| | | 1320000 | ലൈഫ് മിഷന് ഭവന പദ്ധതി 2020-21 (പ്രോജക്ട് നം-175/22) | 1320000 | 0 |
| | | 1150000 | ലൈഫ് ഭവന നിർമ്മാണം പട്ടികവർഗ്ഗം 2020-21 (പ്രോജക്ട് നം-176/22) | 1150000 | 0 |
| | | 1960000 | ലൈഫ് മിഷന് ഭവന പദ്ധതി പട്ടികജാതി (പ്രോജക്ട് നം-177/22) | 1960000 | 0 |
| | | 886743 | ക്ഷീരകർകർക്ക് ഉത്പാദന ബോണസ് (പ്രോജക്ട് നം-10/22) | 886743 | 0 |
| | | 400000 | ഭിന്നശേഷിയുള്ള കട്ടികൾക്ക് സ്കോളർഷിപ്പ് (പ്രോജക്ട് നം-19/22) | 400000 | 0 |
| | | 120000 | നെൽകൃഷിക്ക് കൂലിചെലവ് വിത്ത് കുമ്മായം സബ്സിഡി (പ്രോജക്ട് നം-56/22) | 120000 | 0 |
| | ആകെ | 6036743 | | 6036743 | 0 |
| കണ്ണൂർ ജില്ല പഞ്ചായത്ത് | 2021--22 | 1820000 | ലൈഫ് മിഷന് ഭവന പദ്ധതി 2020-21 (പ്രോജക്ട് നം-175/22) | 1820000 | 0 |
| | | 240000 | ലൈഫ് ഭവന നിർമ്മാണം പട്ടികവർഗ്ഗം 2020-21 (പ്രോജക്ട് നം-176/22) | 240000 | 0 |
| | | 350000 | ഭിന്നശേഷിയുള്ള കട്ടികൾക്ക് സ്കോളർഷിപ്പ് (പ്രോജക്ട് നം-219/22) | 350000 | 0 |
| | | 640000 | ലൈഫ് മിഷന് ഭവന പദ്ധതി പട്ടികജാതി (പ്രോജക്ട് നം-177/22) | 640000 | 0 |
| | | 172238 | വീട്ടുവളപ്പിലെ മത്സ്യ കൃഷി - പടുതാകുളം (പ്രോജക്ട് നം-215/22) | 172238 | 0 |
| | | 193583 | ക്ഷീരകർകർക്ക് ഉത്പാദന ബോണസ് (പ്രോജക്ട് നം-10/22) | 193583 | 0 |
| | | 350000 | ഭിന്നശേഷിയുള്ള കട്ടികൾക്ക് സ്കോളർഷിപ്പ് (പ്രോജക്ട് നം-19/22) | 350000 | 0 |
| | | 110283 | വീട്ടുവളപ്പിലെ കുളങ്ങളില് മത്സ്യകൃഷി - പടുതാകുളം (പ്രോജക്ട് നം-47/22) | 110283 | |
| | ആകെ | 3876104 | | 3876104 | |

സംയുക്ത പ്രൊജക്ടുകൾക്കായി ലഭിച്ച ഫണ്ടിൽ വിനിയോഗിക്കാൻ ബാക്കിയുള്ള തുക വിനിയോഗിക്കുകയോ അല്ലാത്തപക്ഷം തിരിച്ചടക്കുകയോ ചെയ്യേണ്ടതാണ്.

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| ഭൂജല വകുപ്പ് | ,വട്ടപ്പറമ്പ് അങ്കണ വാടിക്ക് കുഴൽ കിണർ നിർമ്മാണവും,മോട്ടോർ സ്ഥാപിക്കലും (പ്രോജക്ട് നം- 259/220 | 22101501, 31-03-2022 | 63000 | 0 | 63000 |
| | ചതിരൂർ സി-27, വാളത്തോട് സി-26 അങ്കണ വാടിക്ക് കുഴൽ കിണർ നിർമ്മാണം (പ്രോജക്ട് നം- 86/22) | 9800568440, 27-10-21 | 83,000 | 0 | 83,000 |
| | ചതിരൂർ 110 കോളനി കുഴൽ കിണർ മോട്ടോറും വാട്ടർ ടാങ്കും (പ്രോജക്ട് – 185/22) | 9800728254 30-11-2021 | 1,00,000 | 91725 | 0 ബാക്കിയുള്ള 8275 രൂപ തിരികെ ലഭിച്ചു. |
| | കണ്ടുമങ്ങാട് അങ്കണ വാടിക്ക് കുഴൽ കിണർ നിർമ്മാണവും പമ്പ് സെറ്റ് വാങ്ങലും (പ്രോജക്ട് നം- 92/22) | 336/5.2.2022 | 45000 | 18815 | 0 ബാക്കിയുള്ള 26185 രൂപ തിരികെ ലഭിച്ചു. |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം ഗ്രാമ പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല. വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് മിഷൻ ഭവന | GO. (RT) No.688/2019/ ത.സ്വ.ഭ.വ/ | 2,46,40,000 | 2,12,37,334 | 1701333 | | 19536001 |

| | | | | | | |
|---|---|---|---|---|---|---|
| പദ്ധതി | 22-3-2019 | | | | | |

## 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| മുന്നിരിപ്പ് | 3233530 |
| തൻവർഷം നിക്ഷേപിച്ചത് | 228585 |
| ആകെ | 3462115 |
| തൻവർഷം പിൻവലിച്ചത് | 0 |
| വർഷാവസാനം നീക്കിയിരിപ്പ് | 3462115 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപങ്ങളുടെ വിവരം

| ക്രമ നമ്പർ | നിക്ഷേപത്തിന്റെ വിവരം | കാലാവധി | തുക |
|---|---|---|---|
| 1 | ഇരിട്ടി കോ-ഓപ്പറേറ്റീവ് റൂറൽ ബാങ്ക്, എടൂർ.<br>FD നമ്പർ 151/2016-17/7-9-2021 | 7-9-2022 | 738039 |
| 2 | ആറളം സർവ്വീസ് കോ ഓപ്പറേറ്റീവ് ബാങ്ക്, കീഴ്പ്പള്ളി<br>FD നമ്പർ 10843/13-8-2021 | 13-08-2022 | 1476075 |
| 3 | പായം സർവ്വീസ് കോ ഓപ്പറേറ്റീവ് ബാങ്ക്, എടൂർ<br>FD നമ്പർ 001001028145/31-3-2022 | 31-3-2023 | 1248001 |
| | ആകെ | | 3462115 |

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ഗ്രാമ പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക നമ്പർ | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1999-2000 | 14 | 2003-04 | 03.13.2017 | മറ്റ് പരാമർശങ്ങൾ | നിലനിൽക്കുന്നു. |
| 2013-14, 2014-15 | 2-1 | 2016-17 | അധ്യായം 2 അനുബന്ധം4 | തൊഴിൽ നികുതി കണക്കാക്കുന്നതിന് വീട്ടുവാടക ഉൾപ്പെടുത്തുന്നു | നിലനിൽക്കുന്നു |
| 2015-16 | 2-4(എ) | 2016-17 | അധ്യായം 2 അനുബന്ധം5 | ഡി & ഒ ലൈസൻസ് അപേക്ഷകളിൽ പരിശോധന റിപ്പോർട്ടോ | നിലനിൽക്കുന്നു |

| | | | | | |
|---|---|---|---|---|---|
| | | | | സെക്രട്ടറിയുടെ തീരുമാനമോ ഇല്ല | |
| 2015-16 | 2-4(ബി) | 2016-17 | അധ്യായം 2 അനുബന്ധം5 | തൊഴിൽ നികുതി അപാകങ്ങൾ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയില്ല. | നിലനിൽക്കുന്നു |
| 2015-16 | 2-4(സി) | 2016-17 | അധ്യായം 2 അനുബന്ധം 5 | തൊഴിൽ നികുതി ഈടാക്കിയില്ല. | നിലനിൽക്കുന്നു |
| 2015-16 | 2-4(ഡി) | 2016-17 | അധ്യായം 2 അനുബന്ധം5 | അസസ്സ്മെന്റ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല | നിലനിൽക്കുന്നു |
| 2015-16 | 2-4(ഇ) | 2016-17 | അധ്യായം 2 അനുബന്ധം5 | തൊഴിൽ നികുതി ഈടാക്കിയില്ല. | നിലനിൽക്കുന്നു |

## 4-9 ചാർജ്ജ് /സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 154207638 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 149784114 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 1954700 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-19 | 3,00,000 | ശ്രീമതി.അനിത. പി, ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| 1-23 | 200000 | ഡോ. പ്രിയ സദാനന്ദൻ, മെഡിക്കൽ ഓഫീസർ |
| 1-24 | 4,63,500 | ശ്രീ. രാമചന്ദ്രൻ. വി , സെക്രട്ടറി |
| 1-25 | 4,69,800 | ശ്രീ. രാമചന്ദ്രൻ. വി , സെക്രട്ടറി |
| 1-33 | 21,600 | ശ്രീമതി.ജിംസി മരിയ, കൃഷി ഓഫീസർ |
| 1-34 | 3,50,000 | ശ്രീമതി.ജിംസി മരിയ, കൃഷി ഓഫീസർ |
| 1-37 | 74,900 | ശ്രീ. ആഷിക് .ബി.റ്റി, ഹെഡ് മാസ്റ്റർ |
| 1-38 | 74,900 | ശ്രീ.ആഷിക് ബി.റ്റി., ഹെഡ് മാസ്റ്റർ |
| ആകെ | 1954700 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി.അനിത. പി, ഐ.സി.ഡി.എസ് സൂപ്പർവൈസർ | ഐ.സി.ഡി. എസ് സൂപ്പർവൈസർ, ആറളം ഗ്രാമപഞ്ചായത്ത് | കപ്പോത്തു ഹൌസ് പയ്യാവൂർ |
| ശ്രീ. രാമചന്ദ്രൻ. വി , സെക്രട്ടറി | സെക്രട്ടറി മുഴക്കുന്ന് ഗ്രാമപഞ്ചായത്ത് | പുത്തൻപുരയിൽ ഹൌസ്, നെല്ലൂന്നി, മട്ടന്നൂർ |
| ശ്രീ. ജിംസി മരിയ | കൃഷി ഓഫീസർ,] അയ്യൻകുന്ന് ഗ്രാമപഞ്ചായത്ത് | ആലക്കൽ, അങ്ങാടിക്കടവ് |
| ആഷിക് .ബി.റ്റി, ഹെഡ് മാസ്റ്റർ | ഗവ. യു പി സ്കൂൾ , കടമ്പേരി, പറശ്ശിനിക്കടവ് | ബിറ്റി ഹൌസ് അരിമ്പ ചെങ്ങളായി |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1999-2000 (പദ്ധതി ചെലവ്) | കെ.എസ്.എ/കെ.എൻ.ആർ/സി.10/ 1258/2022 തീയതി 03.09.2022 | 1 |
| 2006-07 | കെ.എസ്.എ/കെ.എൻ.ആർ/സി.10/ 1258/2022 തീയതി 03.09.2022 | 1 |
| 2008-09 | കെ.എസ്.എ/കെ.എൻ.ആർ/സി.10/ 1258/2022 തീയതി 03.09.2022 | 3 |
| 2009-10, 2010-11 | കെ.എസ്.എ/കെ.എൻ.ആർ/സി.10/ 1258/2022 തീയതി 03.09.2022 | 4 |
| 2011-12 , 2012-13 | കെ.എസ്.എ/കെ.എൻ.ആർ/സി.10/ 1258/2022 തീയതി 03.09.2022 | 2 |
| 2013-14 2014-15 | കെ.എസ്.എ/കെ.എൻ.ആർ/സി.10/ 1258/2022 തീയതി 03.09.2022 | 2 |
| 2015-16 | കെ.എസ്.എ/കെ.എൻ.ആർ/സി.10/ 1258/2022 തീയതി 03.09.2022 | 6 |

| | | |
|---|---|---|
| 2016-17 | കെ.എസ്.എ/കെ.എൻ.ആർ/സി.10/ 1258/2022 തീയതി 03.09.2022 | 2 |
| 2017-18 | കെ.എസ്.എ/കെ.എൻ.ആർ/സി.10/ 1258/2022 തീയതി 03.09.2022 | 8 |
| 2018-19 | കെ.എസ്.എ/കെ.എൻ.ആർ/സി.10/ 1258/2022 തീയതി 03.09.2022 | 3 |
| 2019-20 | കെ.എസ്.എ/കെ.എൻ.ആർ/സി.10/ 99/2022 തീയതി 05.04.2022 | 20 |
| 2020-21 | കെ.എസ്.എ/കെ.എൻ.ആർ/സി.10/ 100/2022 തീയതി 05.04.2022 | 22 |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം,കണ്ണൂർ.

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കണ്ണൂർ ജില്ലയിലെ ആറളം ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കണ്ണൂർ ജില്ലയിലെ ആറളം ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-3-1

## റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്

| | | | |
|---|---|---|---|
| Aralam Grama Panchayat RECEIPT & PAYMENT STATEMENT | | | |
| For the period from 01-April-2021 to 31-March-2022 | | | |
| Code.No | Description of Items | Schedule No | Amount |
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 28980524.00 |
| Cash | Cash | RP-40(a) | 0.0 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 2048760.00 |
| 140000000 | Fees & User Charges | RP-4 | 588805.00 |
| 150000000 | Sale & Hire Charges | RP-5 | 449720.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 100780175.00 |
| 171000000 | Interest Earned | RP-9 | 459821.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 19645560.00 |
| 350000000 | Other Liabilities | RP-36 | 229541.00 |
| | Non Operating | | |
| 180000000 | Other Income | RP-10 | 550.00 |
| 311000000 | Earmarked Funds | RP-29 | 80000.00 |
| 340000000 | Deposits Received | RP-34 | 424297.00 |
| 350000000 | Other Liabilities | RP-36 | 423919.00 |
| 410000000 | Fixed Assets | RP-38 | 0.0 |
| 431000000 | Sundry Debtors (Receivables) | RP-43 | 29074490.00 |

| | | | |
|---|---|---|---|
| 460000000 | Loans, Advances and Deposits | RP-47 | 2000.00 |
| | Grand total | | 183188162.00 |
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-11 | 4049628.00 |
| 220000000 | Administrative Expenses | RP-12 | 551697.00 |
| 230000000 | Operations & Maintenance | RP-13 | 865173.00 |
| 250000000 | Decentralised Plan Programme- Productive Sector | RP-15 | 10055359.00 |
| 251000000 | Decentralised Plan Programme- Service Sector | RP-16 | 46566623.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-17 | 2522732.00 |
| 253000000 | Decentralised Plan Programme- Projects not included in Sector Division | RP-18 | 912290.00 |
| 255000000 | Maintenance Projects | RP-20 | 15476552.00 |
| 260000000 | Grants, Contributions and Compensations from Own Fund | RP-22 | 507500.00 |
| 280000000 | Prior Period item | RP-26 | 0.0 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 7620192.00 |
| 350000000 | Other Liabilities | RP-36 | 14470586.00 |
| | Non Operating | | |
| 240000000 | Interest & Finance Charges | RP-14 | 3639.00 |
| 280000000 | Prior Period Item | RP-26 | -2400.00 |
| 311000000 | Earmarked Funds | RP-29 | 13000.00 |
| 340000000 | Deposits Received | RP-34 | 103579.00 |
| 350000000 | Other Liabilities | RP-36 | 3200755.00 |
| 410000000 | Fixed Assets | RP-38 | 15117513.00 |
| 412000000 | Capital work in Progress | RP-40 | 2137066.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 22611645.00 |

| | | | |
|---|---|---|---|
| 460000000 | Loans, Advances and Deposits | RP-47 | 3000985.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 33404048.00 |
| Cash | Cash | RP-40(b) | 0.0 |
| | Grand Total | | 183188162.00 |

## അനുബന്ധം-3-2

## ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ്

| Aralam Grama Panchayat<br>INCOME & EXPENDITURE STATEMENT | | | |
|---|---|---|---|
| For the period from 01-April-2021 to 31-March-2022 | | | |
| Code.No | Description of Items | Schedule No | Amount |
| | INCOME | | |
| 110000000 | Tax Revenue | I-1 | 5875235.00 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 109014.00 |
| 140000000 | Fee & User Charges | I-4(b) | 812805.00 |
| 150000000 | Sale & Hire Charges | I-5(b) | 454214.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 275538053.00 |
| 170000000 | Income from Investments | I-7 | 228585.00 |
| 171000000 | Interest Earned | I-8 | 459821.00 |
| 180000000 | Other Income | I-9 | 704010.00 |
| | Total Income | | 284181737.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 12042539.00 |
| 220000000 | Administrative Expenses | I-11(b) | 1157192.00 |
| 230000000 | Operations & Maintenance | I-12(b) | 1827485.00 |

| | | | |
|---|---|---|---|
| 240000000 | Interest & Finance Charges | I-13 | 3639.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 10055359.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 139057160.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 2918184.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 912290.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(d) | 70723500.00 |
| 255000000 | Maintenance Projects | I-14(e) | 15476552.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-15(a) | 158488.00 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 507500.00 |
| 270000000 | Provisions and Write off | I-16 | 9878.00 |
| 272000000 | Depreciation | I-17(a) | 22358160.00 |
| | Total Expenditure | | 277207926.00 |
| | Gross Surplus/ Deficit of income over Expenditure | | 6973811.00 |
| 280000000 | Prior Period Item | I-18 | -2897577.00 |

## അനുബന്ധം-3-3

## ബാലൻസ് ഷീറ്റ്

| | | | |
|---|---|---|---|
| Aralam Grama Panchayat BALANCE SHEET | | | |
| For the period from 01-April-2021 to 31-March-2022 | | | |
| Code.No | Description of Items | Schedule No | Amount |
| | LIABILITIES | | |

| | | | |
|---|---|---|---|
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | 69630990.00 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 194674.00 |
| 312000000 | Reserves | B-3 | 185078895.00 |
| | Total Reserve & Surplus | | 254904559.00 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 27550927.00 |
| | Total Grants, Contributions for Specific Purposes | | 27550927.00 |
| | Loans | | |
| 330000000 | Secured Loans | B-5 | 19594668.00 |
| | Total Loans | | 19594668.00 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 719718.00 |
| 350000000 | Other Liabilities | B-9 | 1818381.00 |
| | Total Current Liabilities and Provisions | | 2538099.00 |
| | TOTAL LIABILITIES | | 304588253.00 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 340488636.00 |
| 411000000 | Accumulated Depreciation | B-11 | -100015798.00 |
| 412000000 | Capital Work in Progress | B-11(a) | 2679828.00 |
| | Total Fixed Assets | | 243152666.00 |
| | Investments | | |
| 420000000 | Investments-General Fund | B-12 | 3462115.00 |
| | Total Investments | | 3462115.00 |

| | | | |
|---|---|---|---|
| | Current Assets, Loans and Advances | | |
| 430000000 | Stock-in-hand | B-14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | 22622745.00 |
| 440000000 | Pre-paid Expenses | B-16 | 0.0 |
| 450000000 | Cash and Bank Balance | B-17 | 33404048.00 |
| 460000000 | Loans, Advances and Deposits | B-18 | 1946679.00 |
| | Total Current Assets, Loans and Advances | | 57973472.00 |
| | Other Assets | | |
| | Miscellaneous Expenditure (To the Extent not written off) | | |
| | TOTAL ASSETS | | 304588253.00 |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.